# വാർഷിക റിപ്പോർട്ട്

## കേരള പബ്ലിക് സർവീസ് കമ്മീഷൻ

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ
(കൊല്ലവർഷം 1198 മീനം 18 മുതൽ 1199 മീനം 18 വരെ)

**ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 323 (2) പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ ആദരണീയനായ കേരള ഗവർണർ മുമ്പാകെ സമർപ്പിക്കുന്ന 68-ാം വാർഷിക റിപ്പോർട്ട്.**

# റിപ്പോർട്ട് കാലയളവ്

## 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ

## (കൊല്ലവർഷം 1198 മീനം 18 മുതൽ 1199 മീനം 18 വരെ)

# ഉള്ളടക്കം


| ക്രമ നമ്പർ | അധ്യായങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1 | പബ്ലിക് സർവീസ് കമ്മീഷന്റെ ഭരണഘടനാപരമായ സ്ഥാനം | 5 |
| 2 | കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഘടന | 6-7 |
| 3 | കമ്മീഷന്റെ കർത്തവ്യങ്ങൾ | 8-9 |
| 4 | യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ റിപ്പോർട്ടിലെ സ്റ്റേറ്റ് പബ്ലിക് സർവീസ് കമ്മീഷനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാമർശം | 9-14 |
| 5 | ജീവനക്കാരും കാര്യാലയസ്ഥാനങ്ങളും | 15-19 |
| 6 | ഗവേഷണ അവലോകന വിഭാഗം, ഓൺലൈൻ പരീക്ഷ, കംപ്യൂട്ടർവൽകൃത ഹാജർ സംവിധാനം, നിയമന ഓഡിറ്റ് പരിശോധനാ വിഭാഗം, വെബ്സൈറ്റ്, പൊതുജന സമ്പർക്ക വിഭാഗം, ഒറ്റത്തവണ രജിസ്ട്രേഷൻ/പരിശോധനാ വിഭാഗം, അന്വേഷണ വിഭാഗം, വിവരാവകാശ വിഭാഗം, ഗ്രന്ഥശാല | 20-31 |
| 7 | വരവുചെലവുകൾ, കത്തിടപാടുകൾ, ആന്തരിക കണക്ക് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തന രീതി | 31-36 |
| 8 | പരീക്ഷകൾ | 37-38 |
| 9 | തിരഞ്ഞെടുപ്പ്/നിയമനം (ജനറൽ) | 38-50 |
| 10 | നിയമനം-കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ /യൂണിവേഴ്സിറ്റികൾ | 51 |
| 11 | നിയമനം-സഹകരണ വിഭാഗം | 52 |
| 12 | പ്രത്യേക നിയമനം (പട്ടിക ജാതി/പട്ടിക വർഗം) | 52-55 |
| 13 | പട്ടികജാതി/പട്ടികവർഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗക്കാർക്കും തിരഞ്ഞെടുപ്പിൽ നൽകിവരുന്ന സംവരണ ഊഴങ്ങളുടെ ശതമാന കണക്ക് | 55-56 |
| 14 | ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ സംവരണം | 56-58 |
| 15 | മേഖലാ ഓഫീസുകൾ | 59-60 |
| 16 | ജില്ലാ ഓഫീസുകൾ | 60-65 |
| 17 | തിരഞ്ഞെടുപ്പ്- പൊതുവിവരങ്ങൾ | 65-66 |
| 18 | വകുപ്പുതല പരീക്ഷകൾ | 66-67 |
| 19 | വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി | 68 |
| 20 | സംസ്ഥാന, സബോർഡിനേറ്റ് സർവീസ് സംബന്ധമായ ചട്ടങ്ങളും മറ്റു നിർദ്ദേശങ്ങളും | 68-69 |
| 21 | കേരള സംസ്ഥാന വൈദ്യുതി ബോർഡ്/കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ/ സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് കമ്പനികൾ/ബോർഡുകൾ/എന്നിവയുമായിബന്ധപ്പെട്ട അധികച്ചുമതലകൾ | 69-73 |

| | | |
|---|---|---|
| 22 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംബന്ധമായ അധിക ച്ചമതലകൾ | 73 |
| 23 | സഹകരണ വിഭാഗം അധികച്ചുമതലകൾ | 74–77 |
| 24 | അച്ചടക്ക നടപടികൾ | 77–78 |
| 25 | പബ്ലിക് സർവീസ് കമ്മീഷൻ കക്ഷിയായ വ്യവഹാരങ്ങൾ | 78 |
| 26 | വനിതാ വിഭാഗം ജീവനക്കാരുടെ പരാതി പരിഹാര കമ്മിറ്റി | 78–79 |
| 27 | കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ശിപാർശകളിൽ നിന്നുള്ള വ്യതിയാനം | 80 |
| 28 | കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യ സംഗ്രഹം | 80–84 |
| 29 | കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന ശാക്തീകരണ പരിപാടികൾ | 84–89 |
| 30 | മറ്റു പി.എസ്.സികളുമായുള്ള ബന്ധവും സന്ദർശനങ്ങളും | 89–95 |
| 31 | സംഭവങ്ങൾ | 96–97 |
| 32 | നന്ദി | 98–99 |

# അധ്യായം – 1
# കമ്മീഷന്റെ ഭരണഘടനാപരമായ സ്ഥാനം

ഇന്ത്യൻ ഭരണഘടനയുടെ 315 മുതൽ 323 വരെയുള്ള അനുച്ഛേദങ്ങളുടെ അടിസ്ഥാനത്തിലാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ സ്ഥാപിതമായിട്ടുള്ളത്. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷനെയും സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകളെയും സംബന്ധിക്കുന്ന വ്യവസ്ഥ കൾ ഭരണഘടനയുടെ XIV– ാം ഭാഗത്തിന്റെ II – ാം അധ്യായത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

സേവനസംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും സംശുദ്ധവും നിഷ്പക്ഷവുമായ രീതിയിൽ സ്വതന്ത്രമായി നിയമന നടപടികൾ നിർവഹിക്കുന്നതിനും ഇന്ത്യൻ ഭരണഘടന കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഭരണഘടനാസ്ഥാപനമായ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് സംസ്ഥാന ഗവർണറാണ്. കമ്മീഷൻ അംഗങ്ങളുടെ പകുതി എണ്ണം അവരുടെ നിയമന തീയതിയിൽ 10 വർഷത്തെ സർക്കാർ സേവനം പൂർത്തിയാക്കിയവരാകണം. ചെയർമാനും അംഗങ്ങൾക്കും 6 വർഷത്തെ കാലാവധി/ അല്ലെങ്കിൽ 62 വയസ്സ് പൂർത്തിയാകുന്നതുവരെ ( ഏതാണോ ആദ്യം) സേവന ത്തിൽ തുടരാവുന്നതാണ്. സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവർക്ക് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനായോ അംഗമായോ മറ്റൊരു സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനായോ നിയമിക്കപ്പെടാൻ യോഗ്യതയുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റേയോ കീഴിൽ യാതൊരുവിധ നിയമനവും സ്വീകരിക്കാൻ യോഗ്യരല്ല. പബ്ലിക് സർവീസ് കമ്മീഷന്റെ ചെയർമാനെയോ അംഗങ്ങളെയോ ഭരണഘടനാവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ രാഷ്ട്രപതിയ്ക്കുമാത്രമേ സേവനത്തിൽ നിന്ന് നീക്കം ചെയ്യുവാൻ കഴിയൂ. ഒരിക്കൽ നിയമിക്കപ്പെട്ട ചെയർമാന്റെയോ അംഗങ്ങളുടേയോ സേവന വേതന വ്യവസ്ഥകളിൽ അവർക്ക് ദോഷകരമാകുന്ന വിധത്തിൽ മാറ്റം വരുത്താൻ സാധ്യമല്ല. പബ്ലിക് സർവീസ് കമ്മീഷന്റെ ചെലവിനത്തിൻ വരുന്ന തുക വകയിരുത്തുന്നത് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നാണ്.

# അധ്യായം 2
# കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഘടന

ഇന്ത്യൻ ഭരണഘടനയുടെ 318-ാം അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിൽ ബഹു. ഗവർണർ പുറപ്പെടുവിച്ചിട്ടുള്ള കേരള പബ്ലിക് സർവീസ് കമ്മീഷൻ (അംഗങ്ങളുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകളും ഘടനയും) റെഗുലേഷൻ 1957-ൽ കാലാകാല ങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ പ്രകാരം ചെയർമാനും 20 അംഗങ്ങളും ഉൾപ്പെടുന്നതാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

റിപ്പോർട്ട് കാലയളവിലെ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## കമ്മീഷൻ

| | |
|---|---|
| **ചെയർമാൻ** | **ഡോ. എം. ആർ.ബൈജു.** |
| **അംഗങ്ങൾ** | **ഡോ. കെ.പി സജിലാൽ ( 21.08.2023 ൽ വിരമിച്ചു.)** |
| | **ശ്രീ. റ്റി.ആർ അനിൽകുമാർ ( 21.08.2023 ൽ വിരമിച്ചു.)** |
| | **ശ്രീ. മുഹമ്മദ് മുസ്തഫ കടമ്പോട്ട് ( 21.08.2023 ൽ വിരമിച്ചു.)** |
| | **ശ്രീ.റോഷൻ റോയി മാത്യു ( 21.08.2023 ൽ വിരമിച്ചു.)** |
| | **ശ്രീ.വിജയകുമാർ പി.കെ ( 06.07.2023 ൽ വിരമിച്ചു.)** |
| | **ഡോ. ശ്രീകുമാർ.എസ്** |
| | **ശ്രീ. എസ്. വിജയകുമാരൻനായർ** |
| | **ശ്രീ. എസ്. എ. സെയ്ഫ്** |

| | |
|---|---|
| | ശ്രീ. അബ്ദുൾ സമദ് വി.റ്റി.കെ. |
| | ഡോ. സി.കെ.ഷാജിബ് |
| | ഡോ. സ്റ്റാനി തോമസ് |
| | ഡോ. മിനി സക്കറിയാസ് |
| | ശ്രീ. ബോണി കുര്യാക്കോസ് ( 29.01.2024 ൽ വിരമിച്ചു.) |
| | ശ്രീമതി.രമ്യ വി.ആർ |
| | അഡ്വ. സി. ജയചന്ദ്രൻ |
| | ശ്രീ. പ്രകാശൻ.കെ |
| | ഡോ. ജിപ്സൺ വി.പോൾ |
| | ഡോ. പ്രകാശൻ പി.പി ( 06.07.2023 ൽ ചുമതലയേറ്റു) |
| | ശ്രീ.കെ.റ്റി.ബാലഭാസ്കരൻ ( 20.11.2023 ൽ ചുമതലയേറ്റു) |
| | ഡോ. പ്രിൻസി കുര്യക്കോസ് ( 20.11.2023 ൽ ചുമതലയേറ്റു) |
| | ഡോ. ജോസ് ജി. ഡിക്രൂസ് (06.12.2023 ൽ ചുമതലയേറ്റു ) |
| | അഡ്വ.ജോഷ് എച്ച് (06.12.2023 ൽ ചുമതലയേറ്റു ) |
| | അഡ്വ. സി. ബി. സ്വാമിനാഥൻ (12.12.2023 ൽ ചുമതലയേറ്റു ) |
| സെക്രട്ടറി | ശ്രീ. സാജു ജോർജ് |

# അധ്യായം – 3
# കമ്മീഷന്റെ കർത്തവ്യങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ 320-ാം അനുച്ഛേദത്തിൽ സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകളുടെ കർത്തവ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അവ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| i) | സംസ്ഥാന സർവീസിലെ വിവിധ തസ്തികകളിലേക്ക് നിയമനത്തിനായി പരീക്ഷകൾ നടത്തുക. |
| ii) | താഴെപ്പറയുന്ന വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുക ;<br>a) സംസ്ഥാന സർവീസിലെ വിവിധ തസ്തികകളുടെ നിയമനപ്രക്രിയകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ<br>b) സർക്കാർ സർവീസിലേക്കുള്ള നിയമനം,സ്ഥാനക്കയറ്റം, സ്ഥലം മാറ്റം എന്നിവയിൽ പാലിക്കേണ്ട തത്വങ്ങൾ, യോഗ്യതാനിർണ്ണയം എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ<br>c) സർക്കാർ ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ അച്ചടക്ക നടപടികളിലും<br>d) കൃത്യനിർവഹണ സംബന്ധമായി സർക്കാർ ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന നിയമ നടപടികളുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുണ്ടാകുന്ന നിയമപരമായ സാമ്പത്തിക ബാധ്യതയുടെ ചെലവ് വകവച്ചുകൊടുക്കൽ/മടക്കി നൽകൽ സംബന്ധമായ കാര്യങ്ങളിൽ<br>e) സർക്കാർ ജീവനക്കാരുടെ അവശതാപെൻഷനുമായി ബന്ധപ്പെട്ട അവകാശ വാദങ്ങളിൽ<br>f) സർക്കാർ കമ്മീഷന്റെ അഭിപ്രായം ആരായുന്ന/പരിഗണനയ്ക്ക് സമർപ്പിക്കുന്ന മറ്റു കാര്യങ്ങളിൽ |

ഇന്ത്യൻ ഭരണഘടനയുടെ 321-ാം അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നിയമ നിർമാണസഭ പബ്ലിക് സർവീസ് കമ്മീഷനെ ചുമതലയേൽപ്പിച്ചിട്ടുള്ള കാര്യങ്ങളും, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ, കോർപറേഷനുകൾ / ബോർഡുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ സേവന വേതന വ്യവസ്ഥകൾ സംബന്ധമായ അധിക ചുമതലകളും കമ്മീഷൻ നിർവഹിച്ചുവരുന്നു. കൂടാതെ, ചില സഹകരണ സ്ഥാപനങ്ങളെക്കൂടി കമ്മീഷന്റെ പ്രവർത്തനപരിധിയിൽ പിന്നീട് ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ നിയമനവുമായി ബന്ധപ്പെട്ട അധികച്ചുമതല കൂടി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനപരിധിയിൽ കൊണ്ടുവന്നു.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 320 (3) ന്റെ അടിസ്ഥാനത്തിൽ പാസാക്കിയിട്ടുള്ള 1957–ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റെഗുലേഷൻസിൽ (കൺസൾട്ടേഷൻ) പാർട്ട്–II കമ്മീഷന്റെ പരിഗണന/വിദഗ് ധാഭിപ്രായം ആവശ്യമില്ലാത്ത വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>ഉപസമിതികൾ</u>**

കമ്മീഷന്റെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗനിർദേശം നൽകുന്നതിനായി താഴെപ്പറയുന്ന സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

| | |
|---|---|
| 1 | സ്പെഷ്യൽ റൂൾസ് സബ്കമ്മിറ്റി |
| 2 | അച്ചടക്ക നടപടികൾ സംബന്ധിച്ച് ഉപദേശം നൽകുന്നതിനുള്ള ഡിസിപ്ലിനറി സബ്കമ്മിറ്റി |
| 3 | ലിറ്റിഗേഷൻ സബ്കമ്മിറ്റി |
| 4 | സബ്കമ്മിറ്റി ഫോർ അക്കാദമിക് &സിലബസ് മാറ്റേഴ്സ് |
| 5 | പിഎസ് സി ബുള്ളറ്റിൻ എഡിറ്റോറിയൽ സബ്കമ്മിറ്റി |
| 6 | സി.ആർ/ എൽ. ആർ/ സി. എസ് വിഭാഗങ്ങളിലെ റിക്രൂട്ട്മെന്റിനും പട്ടിക ജാതി/പട്ടിക വർഗക്കാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച സബ്കമ്മിറ്റി. |
| 7 | വർക്ക് അസ്സസ്സ്മെൻറ്, കംപ്യൂട്ടറൈസ്ഡ് അറ്റൻഡൻസ് മാനേജ് മെന്റ് ആൻഡ് ഇന്റേണൽ സെക്യൂരിറ്റി സബ്കമ്മിറ്റി. |
| 8 | ലൈബ്രറി സബ്കമ്മിറ്റി. |
| 9 | സബ് കമ്മിറ്റി ഫോർ കമ്പ്യൂട്ടറൈസേഷൻ & ആർ ആന്റ് എ വിഭാഗം |
| 10 | സാമ്പത്തിക കാര്യങ്ങൾക്കായുള്ള സബ് കമ്മിറ്റി |
| 11 | പ്ലാനിംഗ് & പ്രയോററ്റൈസേഷൻ സബ് കമ്മിറ്റി |
| 12 | സബ് കമ്മിറ്റി ഫോർ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് |

## അധ്യായം – 4

# യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ റിപ്പോർട്ടിലെ സ്റ്റേറ്റ് പബ്ലിക് സർവീസ് കമ്മീഷനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാമർശം

റിക്രൂട്ട്മെന്റ് പ്രക്രിയയിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന്റെയും (യുപിഎസ്സി), വിവിധ സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകളുടെയും (പിഎസ്സി) പ്രകടനം എടുത്തുകാട്ടുന്ന ഒരു ദ്വിവാർഷിക റിപ്പോർട്ട് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ

(യുപിഎസ്സി) പ്രസിദ്ധീകരിക്കുന്നുണ്ട്. 2023 ലെ അർദ്ധവാർഷിക റിപ്പോർട്ടുകൾ അവലോകനം ചെയ്യുമ്പോൾ, കേരള പബ്ലിക് സർവീസ് കമ്മീഷൻ (കെപിഎസ്സി) റിക്രൂട്ട്മെന്റിന്റെ എല്ലാ മേഖലകളിലും മറ്റ് പബ്ലിക് സർവീസ് കമ്മീഷനുകളെക്കാൾ മികച്ച പ്രകടനം കാഴ്ചവച്ചതായി മനസ്സിലാക്കാവുന്നതാണ്.

**റിക്രൂട്ട്മെന്റ് അവലോകനം (ജൂലൈ-ഡിസംബർ 2023)**

2023-ന്റെ രണ്ടാം പകുതിയിൽ ( 2023 ജൂലൈ മുതൽ ഡിസംബർ വരെ), യുപിഎസ്സി ഉൾപ്പെടെ എല്ലാ പബ്ലിക് സർവീസ് കമ്മീഷനുകളിലുമായി ആകെ 38,605 ഉദ്യോഗാർത്ഥികൾ റിക്രൂട്ട് ചെയ്യപ്പെട്ടതായി റിപ്പോർട്ടിൽ കാണിക്കുന്നു. ഇതിൽ പകുതിയോളം പേർ (18,964) കേരള പബ്ലിക് സർവീസ് കമ്മീഷൻ മാത്രമാണ് റിക്രൂട്ട് ചെയ്തത്. ഒഡീഷ പബ്ലിക് സർവീസ് കമ്മീഷനും (4,199) മഹാരാഷ്ട്ര പബ്ലിക് സർവീസ് കമ്മീഷനുമാണ് (2,804) തുടർന്നുള്ള ഏറ്റവും ഉയർന്ന റിക്രൂട്ട്മെന്റുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ കാലയളവിൽ നടത്തിയ റിക്രൂട്ട്മെന്റുകളുടെ എണ്ണത്തിൽ കേരള പിഎസ്സി ഏറ്റവും മുന്നിൽ നിൽക്കുന്നു.

**ഒരു താരതമ്യ വീക്ഷണം**

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തീർണ്ണം, ജനസംഖ്യ, റവന്യൂ ജില്ലകളുടെ എണ്ണം തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കുമ്പോൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ നേട്ടം കൂടുതൽ ശ്രദ്ധേയമാണ്. ഈ നേട്ടങ്ങൾ കേരള പിഎസ്സിയുടെ കാര്യക്ഷമത വെളിവാക്കുക മാത്രമല്ല, വ്യത്യസ്തമായ യോഗ്യതാ മാനദണ്ഡങ്ങളും നിബന്ധനകളും ഉള്ള വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന അനേകലക്ഷം അപേക്ഷകരുടെ വിശ്വാസം കാത്തു സൂക്ഷിച്ചുകൊണ്ട് മികവാർന്ന രീതിയിൽ ഈ അപേക്ഷകൾ കൈകാര്യം ചെയ്യാനുള്ള കമ്മീഷന്റെ പ്രവർത്തനശേഷികൂടിയാണ്.

**2023 ലെ സ്ഥിരതയുള്ള പ്രകടനം**

2023 ന്റെ ആദ്യ പകുതിയിലും (ജനുവരി-ജൂൺ) പ്രവർത്തനത്തിൽ സംസ്ഥാന പിഎസ്സികളിൽ കേരള പിഎസ്സി ഒന്നാം സ്ഥാനം നേടിയെന്നത് ശ്രദ്ധേയമാണ്. വർഷത്തിലുടനീളമുള്ള ഈ സ്ഥിരതയുള്ള പ്രകടനം, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ

ശക്തമായ റിക്രൂട്ട്മെന്റ് പ്രക്രിയകൾക്കും സമയബന്ധിതവും കാര്യക്ഷമവുമായ സേവനങ്ങൾ നൽകുന്നതിനുള്ള പ്രതിബദ്ധതയ്ക്കും അടിവരയിടുന്നു.

**<u>പ്രവർത്തനങ്ങളുടെ ശ്രദ്ധേയമായ കണക്കുകൾ</u>**

ആകെ റിക്രൂട്ട്മെന്റുകളുടെ എണ്ണം , ലഭിച്ച അപേക്ഷകളുടെ എണ്ണം, നടത്തിയ പരീക്ഷകളുടെ എണ്ണം, പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികളുടെ എണ്ണം, ഇന്റർവ്യൂകളിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം എന്നിങ്ങനെ എല്ലാ പ്രധാന അളവുകോലുകളിലും കേരള പിഎസ്സി മികവ് പുലർത്തി. 2023-ന്റെ രണ്ടാം പകുതിയിൽ, കേരള പിഎസ്സിക്ക് 56,76,739 അപേക്ഷകൾ ലഭിച്ചു. രണ്ടാം സ്ഥാനത്തുള്ള ആന്ധ്രാപ്രദേശ് പിഎസ്സിയ്ക്ക് 864,529 അപേക്ഷകളാണ് ലഭിച്ചത്.

വലിയ തോതിലുള്ള റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാനുള്ള കേരള പബ്ലിക് സർവീസ് കമ്മീഷന്റെ സമാനതകളില്ലാത്ത വ്യാപ്തിയേയും ശേഷിയേയും ഈ കണക്കുകൾ സാക്ഷ്യംവഹിക്കുന്നു.

**<u>വിജയത്തിന് പിന്നിലെ പ്രധാന ഘടകങ്ങൾ</u>**

കേരള പബ്ലിക് സർവീസ് കമ്മിഷന്റെ വിജയത്തിന് കമ്മീഷന്റെയും അതിന്റെ പ്രതിബദ്ധതയുള്ളതും കാര്യക്ഷമതയുള്ളതുമായ 1800 ലധികം വരുന്ന സ്റ്റാഫിന്റെയും യോജിച്ച പ്രവർത്തനങ്ങൾ നിർണായകമാണ്. റിക്രൂട്ട്മെന്റിന്റെ ചിട്ടയായതും സാങ്കേതികവിദ്യാധിഷ്ഠിതവുമായ സമീപനവും ഈ നേട്ടത്തിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനും കാലതാമസം കുറയ്ക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കമ്മീഷൻ ആധുനിക സാങ്കേതികവിദ്യയെ ഫലപ്രദമായി സമന്വയിപ്പിച്ചിരിക്കുന്നു. നീതിപൂർവകവും സുതാര്യവുമായ നടപടിക്രമങ്ങളോടുള്ള ഈ പ്രതിബദ്ധത കേരള പി.എസ്സിക്ക് മികവിന്റെ പേരുനൽകുകയും മറ്റ് സംസ്ഥാന പിഎസ്സികൾക്ക് ഒരു മാതൃകയാവുകയും ചെയ്തിരിക്കുന്നു.

2023 ജൂലൈ മുതൽ ഡിസംബർ വരെയുള്ള UPSC അർദ്ധവാർഷിക റിപ്പോർട്ടിൽ നിന്നുള്ള പ്രസക്തമായ പട്ടികകൾ ചുവടെ ചേർക്കുന്നു.

**പട്ടിക I : റിക്രൂട്ട്മെന്റ്- യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ**

| ആകെ ലഭിച്ച അപേക്ഷകൾ | ആകെ ഇന്റർവ്യൂവിൽ പങ്കെടുത്തവർ | നിയമനത്തിനായി ശിപാർശ നൽകിയവരുടെ എണ്ണം |
|---|---|---|
| 105458 | 2782 | 566 |

**പട്ടിക II : പരീക്ഷകളുടെ അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളിലായി നിയമന ശിപാർശ നൽകിയവരുടെ എണ്ണം**

| ക്രമ നം. | കാറ്റഗറി | ഗ്രൂപ്പ് എ | ഗ്രൂപ്പ് ബി | ആകെ |
|---|---|---|---|---|
| 1 | പട്ടിക ജാതി | 332 | 204 | 542 |
| 2 | പട്ടിക വർഗ്ഗം | 133 | 103 | 236 |
| 3 | ഒ.ബി.സി | 1137 | 63 | 1200 |
| 4 | മറ്റുള്ളവർ | 1912 | 905 | 2817 |
| **ആകെ** | | **3514** | **1275** | **4789** |

**പട്ടിക III : റിക്രൂട്ട്മെന്റ്- സ്റ്റേറ്റ് പബ്ലിക് സർവീസ് കമ്മീഷനുകൾ**

| Sl No | സ്റ്റേറ്റ് പബ്ലിക് സർവീസ് കമ്മീഷനുകൾ | ആകെ ലഭിച്ച അപേക്ഷകൾ | ആകെ ഇന്റർവ്യൂവിൽ പങ്കെടുത്തവർ | നിയമനത്തിനായി ശിപാർശ നൽകിയവരുടെ എണ്ണം |
|---|---|---|---|---|
| 1 | ആന്ധ്രാ പ്രദേശ് | 864529 | 222 | 162 |
| 2 | ആസ്സാം | 35808 | 4620 | 470 |
| 3 | ബിഹാർ | 732478 | - | - |
| 4 | ഛത്തിസ്ഗഢ് | 182880 | 788 | 217 |
| 5 | ഗോവ | 2444 | 223 | 71 |
| 6 | ഗുജറാത്ത് | 273788 | 3052 | 560* |
| 7 | ഹിമാചൽ പ്രദേശ് | 92659 | 2884 | 829 |
| 8 | ജമ്മു & കാശ്മീർ | 11051 | 970 | 806 |
| 9 | ഝാർഖണ്ഡ് | 2606 | 1044 | 436 |
| 10 | കർണ്ണാടക | 15821 | 72 | - |
| 11 | കേരള | 5676739 | 21024 | 18964 |
| 12 | മദ്ധ്യപ്രദേശ് | 6376 | 5902 | 1689 |
| 13 | മഹാരാഷ്ട്ര | 46737 | 3326 | 2804 |
| 14 | മണിപ്പൂർ | - | - | - |
| 15 | മേഘാലയ | 46752 | 39664 | 181 |

| | | | | |
|---|---|---|---|---|
| 16 | നാഗാലാന്റ് | 16307 | 142 | 64 |
| 17 | ഒറീസ | 245013 | 1914 | 4199 |
| 18 | പഞ്ചാബ് | 86242 | 401 | 268 |
| 19 | രാജസ്ഥാൻ | 75782 | 5811 | 172 |
| 20 | സിക്കിം | 43227 | 57 | 280 |
| 21 | തമിഴ്നാട് | – | – | – |
| 22 | തെലുങ്കാന | 17130 | – | 313 |
| 23 | ത്രിപുര | 6649 | 105 | 33 |
| 24 | ഉത്തർ പ്രദേശ് | 110352** | 2877** | 1234 |
| 25 | ഉത്തരാഖണ്ഡ് | 52018 | 231 | 64 |

* Including recommendation of candidates for Group – C by competitive examination without interview.

** These figures are related to the candidates recommended for recruitment in the relevant period.

## സ്റ്റേറ്റ് പബ്ലിക് സർവീസ് കമ്മീഷനുകൾക്ക് ലഭിച്ച അപേക്ഷകൾ ഗ്രാഫ് രൂപത്തിൽ




I

**സ്റ്റേറ്റ് പബ്ലിക് സർവീസ് കമ്മീഷനുകളിൽ ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെ എണ്ണം ഗ്രാഫ് രൂപത്തിൽ**




**സ്റ്റേറ്റ് പബ്ലിക് സർവീസ് കമ്മീഷനുകളിൽ നിയമനശിപാർശ നൽകിയവരുടെ എണ്ണം ഗ്രാഫ് രൂപത്തിൽ**



# അധ്യായം – 5

# ജീവനക്കാരും കാര്യാലയസ്ഥാനങ്ങളും

## കേരള പബ്ലിക് സർവീസ് കമ്മീഷനിലെ ജീവനക്കാർ

റിപ്പോർട്ട് കാലയളവിൽ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ ആകെ 1828 ജീവനക്കാരുണ്ട്. പോലീസ് വകുപ്പിൽ നിന്ന് പി.എസ്.സി.യുടെ വിജിലൻസ് വിഭാഗത്തിൽ 8 ജീവനക്കാർ അന്യത്ര സേവനവ്യവസ്ഥയിലും ഒരു ലൈബ്രേറിയൻ ഗ്രേഡ് I കരാർ അടിസ്ഥാനത്തിലും ജോലി നോക്കുന്നു. കേരള പബ്ലിക് സർവീസ് കമ്മീഷൻ (അംഗങ്ങളുടേയും ജീവനക്കാരുടെയും സേവന വ്യവസ്ഥകളും ഘടനയും) റെഗുലേഷൻ 1957-ലെ Clause 12 Sub Clause 2 പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് 01.04.2022 മുതൽ 6 മാസത്തേയ്ക്കും 01.10.2022 മുതൽ 6 മാസത്തേയ്ക്കും രണ്ടു ഘട്ടങ്ങളിലായി വിവിധ വിഭാഗങ്ങളിലായി 25 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിലെ ജീവനക്കാരുടെ വിശദാംശങ്ങൾ **അനുബന്ധം 1-ൽ** നൽകിയിട്ടുണ്ട്.

ലൈബ്രേറിയൻ തസ്തിക പ്രത്യേകമായി അനുവദിച്ചു കിട്ടാത്തതിനാലും കോമൺപൂൾ ഒന്നാം ഗ്രേഡ് ലൈബ്രേറിയന്മാരിൽ നിന്ന് ആരും ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലും 26.11.2012-ലെ ബഹു: കമ്മീഷന്റെ **28**-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 02.09.2013-ലെ Estt.II(2)2129/2008/GW നമ്പർ ഉത്തരവു പ്രകാരം കരാർ വ്യവസ്ഥയിൽ 02.09.2013 പൂർവ്വാഹ്നം മുതൽ ശ്രീ ശ്യാംകൃഷ്ണനെ ലൈബ്രേറിയനായി നിയമിച്ചിട്ടുണ്ട്. കൂടാതെ 29 അസിസ്റ്റന്റുമാരെയും 5 കംപ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II മാരെയും പി.എസ്.സി സൂപ്പർന്യൂമററി പോസ്റ്റിൽ നിയമിച്ചിട്ടുണ്ട്.

| ആസ്ഥാന ഓഫീസിലെ ജീവനക്കാരുടെ വിവരങ്ങൾ | | | |
|---|---|---|---|
| ക്രമ നമ്പർ | ഉദ്യോഗപ്പേര് | എണ്ണം | |
| | | സ്ഥിരം | താല്ക്കാലികം |
| 1 | സെക്രട്ടറി | 1 | |
| 2 | അഡീഷണൽ സെക്രട്ടറി/ പരീക്ഷാ കൺട്രോളർ | 6 | |
| 3 | ജോയിന്റ് സെക്രട്ടറി/കൺട്രോളർ ഓഫ് | 13 | |

| | | | |
|---|---|---|---|
| | ഫിനാൻസ് | | |
| 4 | ഡെപ്യൂട്ടി സെക്രട്ടറി | 13 | |
| 5 | അണ്ടർ സെക്രട്ടറി | 40 | |
| 6 | സെക്ഷൻ ഓഫീസർ | 117 | |
| 7 | അസിസ്റ്റന്റ്സ് | 395 | |
| 8 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 1 | |
| 9 | സിസ്റ്റം മാനേജർ/ഇ.ഡി.പി മാനേജർ | 1 | |
| 10 | സിസ്റ്റം അനലിസ്റ്റ് | 6 | |
| 11 | പ്രോഗ്രാമർ | 5 | |
| 12 | ഹാർഡ് വെയർ എൻജിനീയർ | 1 | |
| 13 | ടെക്നിക്കൽ അസിസ്റ്റന്റ് | 5 | |
| 14 | ഡേറ്റ എൻട്രി ഓപ്പറേറ്റർ | 7 | |
| 15 | പ്രൈവറ്റ് സെക്രട്ടറി ടു ചെയർമാൻ | 1 | |
| 16 | പേഴ്സണൽ അസിസ്റ്റന്റ് | 22 | |
| 17 | എൻക്വയറി ഓഫീസർ | 1 | |
| 18 | ഓഫീസ് സൂപ്രണ്ടന്റ് | 9 | |
| 19 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 15 | |
| 20 | കംപ്യൂട്ടർ അസിസ്റ്റന്റ്സ് | 90 | |
| 21 | സാർജന്റ് | 1 | |
| 22 | ബൈൻഡർ ഗ്രേഡ് I & II | 4 | |
| 23 | ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I & II | 28 | |
| 24 | ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ | 3 | |
| 25 | ഡഫേദാർ | 21 | |
| 26 | ഓഫീസ് അറ്റൻഡന്റ് | 85 | 9 |
| 27 | ഡ്രൈവർ (സീനിയർ, ഗ്രേഡ് I & II ) | 11 | 5 |
| 28 | സെക്യൂരിറ്റി ഗാർഡ്/വാച്ച്മാൻ | 19 | 9 |
| 29 | ഇലക്ട്രീഷ്യൻ | 2 | 1 |
| 30 | ഗാർഡനർ | 4 | |
| 31 | എഫ് റ്റിഎസ് കം സാനിറ്റേഷൻ വർക്കർ | 4 | |
| 32 | പിറ്റിഎസ് കം സാനിറ്റേഷൻ വർക്കർ | 16 | 9 |
| 33 | ഡ്രൈവർ കം അറ്റൻഡന്റ് (കോ-ടെർമിനസ്) | 0 | 21 |

| | | | |
|---|---|---|---|
| 34 | ലിഫ്റ്റ് ഓപ്പറേറ്റർ | 2 | |
| 35 | പ്ലംബർ | 0 | 1 |
| 36 | എ സി മെക്കാനിക്ക് | 0 | 1 |
| **ആകെ** | | **949** | **56** |

(മേഖലാ/ജില്ലാ ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം അദ്ധ്യായം 13,14 എന്നിവയിൽ നൽകിയിരിക്കുന്നു.)

## താൽക്കാലിക ജീവനക്കാർ

1957 ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റെഗുലേഷൻ ആക്ട് (Composition and Conditions of Service of Members and Staff)-ലെ 12 (2) റെഗുലേഷൻ പ്രകാരം 11.03.2023 ലെ എസ്റ്റാ II (3) 50003/2018/KPSC ഉത്തരവ് പ്രകാരം 01.04.2023 മുതൽ 6 മാസത്തേക്ക് 13 തസ്തികകളും 23.09.2023 ലെ ഉത്തരവ് പ്രകാരം 01.10.2023 മുതൽ 6 മാസത്തേക്ക് 12 തസ്തികകളും കമ്മീഷൻ താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

## വിജിലൻസ് & സെക്യൂരിറ്റി വിഭാഗം

കേരള പബ്ലിക് സർവീസ് കമ്മീഷനിൽ വിജിലൻസ് & സെക്യൂരിറ്റി ഓഫീസറായി ശ്രീ.ജെ. പ്രസാദ്, സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐപിഎസ്) നെ 19/11/2022 അപരാഹ്നം മുതൽ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

## ലീഗൽ റീട്ടെയ്നർ

### ലീഗൽ റീട്ടെയ്നർ- കേരള ഹൈക്കോടതി

കേരള ഹൈക്കോടതിയിലെ അഭിഭാഷകൻ ശ്രീ. പി.സി. ശശിധരനെ 01.04.2019 മുതൽ കേരള പബ്ളിക് സർവീസ് കമ്മീഷൻ ലീഗൽ റീട്ടെയ്നറായി നിയോഗിച്ചിട്ടുണ്ട്. ഈ കാലയളവിൽ താഴെപ്പറയുന്ന അലവൻസുകളും ചെലവുകളും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

| | | |
|---|---|---|
| 1 | ലീഗൽ റീട്ടെയ്നർ ഫീ | Rs.70,000 |
| 2 | ജൂനിയർ ഫീ | Rs. 20,000 |
| 3 | ക്ലറിക്കൽ ഫീ | Rs. 9,000 |
| 4 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഫീ | Rs. 7,000 |

| | | |
|---|---|---|
| 5 | സ്റ്റേഷനറി | Rs. 4,000 |
| 6 | യാത്രാ ചെലവ് | Rs. 3,000 |
| 7 | ടെലിഫോൺ ( വീട്) | Rs.1,500 |
| 8 | ഉത്തരവുകളുടെ/വിധികളുടെ സർട്ടിഫൈഡ് കോപ്പി | Rs. 200 (ഓരോ വിധിപ്പകർപ്പിനും) |
| 9 | സിറ്റിങ്ങിനും കൗണ്ടർ അഫിഡവിറ്റ്/ റിപ്ലൈ സ്റ്റേറ്റ്മെൻറ് ഫയൽ ചെയ്യുന്നതിനുമുള്ള ഫീ | Rs.350 (per CA) |
| 10 | റിട്ട് അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള ചെലവ് | Rs. 14,200 |
| 11 | റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള ചെലവ് | Rs. 400 |
| 12 | ഫോട്ടോകോപ്പി | Rs. 1.50(per page) |

ശ്രീ. പി.സി. ശശിധരനെ ലീഗൽ റീട്ടെയ്നർ ആയി 01.04.2019 മുതൽ കേരള പബ്ലിക് സർവീസ് കമ്മീഷനുവേണ്ടി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എറണാകുളം ബെഞ്ച് മുമ്പാകെ ഹാജരാകുന്നതിനുള്ള അധികച്ചുമതല കൂടി നൽകുകയും ആയതിലേയ്ക്ക് കൺസോളിഡേറ്റഡ് തുകയായി 50000/- രൂപയും ജൂനിയർ ഫീയായി 20000/- രൂപയും അനുവദിച്ചിട്ടുമുണ്ട്.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ തിരുവനന്തപുരം ബഞ്ചിൽ ഹാജരാകുന്നതിനായി ശ്രീ. എസ് രമേശനെ കമ്മീഷൻ നിയോഗിക്കുകയും ടിയാന് താഴെപ്പറയുന്ന ചെലവുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1 | ലീഗൽ റീട്ടെയ്നർ ഫീ | Rs.70,000 |
| 2 | ജൂനിയർ ഫീ | Rs. 40,000(2 Juniors) |
| 3 | ക്ലറിക്കൽ ഫീ | Rs. 9,000 |
| 4 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | Rs. 7,000 |
| 5 | സ്റ്റേഷനറി | Rs. 4,000 |
| 6 | കൺവയൻസ് അലവൻസ് | Rs. 3,000 |
| 7 | ടെലിഫോൺ ( വീട്) | Rs.1,500 |
| 8 | ഉത്തരവുകളുടെ/വിധികളുടെ സർട്ടിഫൈഡ് കോപ്പി | Rs. 200 (Per Judgment) |
| 9 | സിറ്റിംഗിനും കൗണ്ടർ അഫിഡവിറ്റ്/ റിപ്ലൈ സ്റ്റേറ്റ്മെൻറ് ഫയൽ ചെയ്യുന്നതിനുമുള്ള ഫീ | Rs. 350 (per CA) |
| 10 | റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള ചെലവ് | Rs. 400 (per RP) |

## കാര്യാലയ സ്ഥാനങ്ങൾ

കേരള പബ്ലിക് സർവീസ് കമ്മീഷന് 14 ജില്ലകളിലും ജില്ലാ ഓഫീസുകളും, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകളുമുണ്ട്. കമ്മീഷന്റെ കേന്ദ്ര ഓഫീസ്, തിരുവനന്തപുരം ജില്ലാ ഓഫീസ് എന്നിവ തിരുവനന്തപുരം, പട്ടം തുളസിക്കുന്നിലാണ് സ്ഥിതി ചെയ്യുന്നത്. ആസ്ഥാന ഓഫീസുൾപ്പെടെ കമ്മീഷന് 18 ഓഫീസുകളുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലാ ഓഫീസുകൾ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നു. ആലപ്പുഴ, പത്തനംതിട്ട, വയനാട്, കാസർകോട് ജില്ലാ ഓഫീസുകൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കോട്ടയം, പാലക്കാട് ജില്ലാ ഓഫീസുകൾ കമ്മീഷന്റെ സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്നു. എറണാകുളം ജില്ലാ,മേഖലാ ഓഫീസുകൾ എറണാകുളം ജിസിഡിഎ കെട്ടിടത്തിൽ വാടക നൽകി പ്രവർത്തിച്ചു വരുന്നു. ഇടുക്കി ജില്ലാ ഓഫീസ് പ്രവർത്തിക്കുന്നത് കട്ടപ്പനയിലുള്ള കേരള സംസ്ഥാന ഭവന നിർമാണ ബോർഡുവക വാടകക്കെട്ടിടത്തിലാണ്. തൃശ്ശൂർ ജില്ലാ ഓഫീസ് SC/ST കോർപ്പറേഷൻ കെട്ടിടത്തിൽ വാടക നൽകി പ്രവർത്തിക്കുന്നു. കൊല്ലം ജില്ലാ, മേഖലാ ഓഫീസുകൾ കൊല്ലം കോർപറേഷന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

## അതിഥി മന്ദിരം

പട്ടം, വൃന്ദാവൻ ഗാർഡൻസിൽ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം, വാടകയടിസ്ഥാനത്തിൽ കമ്മീഷന്റെ അതിഥി മന്ദിരമായി പ്രവർത്തിക്കുന്നു. വിശിഷ്ടാതിഥികൾക്കും, കമ്മീഷൻ നടത്തുന്ന അഭിമുഖം, പ്രായോഗിക പരീക്ഷ, മൂല്യനിർണയം എന്നിവയിൽ കമ്മീഷനെ സഹായിക്കാൻ മറ്റു ജില്ലകളിൽ നിന്നും എത്തുന്ന വിദഗ്ധർക്കും താമസ സൗകര്യമൊരുക്കുന്നതിനാണ് അതിഥി മന്ദിരം

# അധ്യായം - 6

# ഗവേഷണ അവലോകനവിഭാഗം, ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ, കംപ്യൂട്ടർവൽകൃത ഹാജർ സംവിധാനം, നിയമന ഓഡിററ്-പരിശോധനാ വിഭാഗം, വെബ് സൈറ്റ്, പൊതുജന സമ്പർക്ക വിഭാഗം, ഒറ്റത്തവണ രജിസ്ട്രേഷൻ/പരിശോധനാ വിഭാഗം, അന്വേഷണ വിഭാഗം, വിവരാവകാശ വിഭാഗം, ഗ്രന്ഥശാല.

## 1) ഗവേഷണ അവലോകന വിഭാഗം

നിയമനനടപടികളിലെ വിവിധഘട്ടങ്ങളിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി സമഗ്രമായ പഠനം നടത്തുക, ആവശ്യമായ ശാക്തീകരണ പദ്ധതികൾ നടത്തുക, സംയോജിത -ആസൂത്രണ-അനുശ്രവണ പദ്ധതികളിലൂടെ തിരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർധിപ്പിക്കുക എന്നിവയാണ് ഗവേഷണ അവലോകന വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. കൂടാതെ കംപ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും അവയുടെ പരിപാലനവും ഈ വിഭാഗത്തിന്റെ ചുമതലയാണ്.

വിവിധ റിക്രൂട്ട്മെന്റ് സെക്ഷനുകളിൽനിന്നും ലഭിക്കുന്ന വിജ്ഞാപനങ്ങൾ ഏകീകരിക്കുന്നതും, മറ്റു സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകൾ, യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ എന്നിവയുമായുള്ള കത്തിടപാടുകൾ നടത്തുന്നതും കമ്മീഷന്റെ യോഗങ്ങളി ലേക്കുള്ള അജൻഡ തയ്യാറാക്കുന്നതും ഈ വിഭാഗത്തിലാണ്.

നിയമസഭാചോദ്യവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമാഹരിച്ച് സർക്കാരിന് കൈമാറുന്നതിനുള്ള നടപടികളും ഗവേഷണ അവലോകന വിഭാഗം കൈകാര്യം ചെയ്യുന്നു. റിപ്പോർട്ട് കാലയളവിൽ സർക്കാരിൽ നിന്ന് ലഭിച്ച **101** നിയമസഭാചോദ്യങ്ങൾക്കും ഇവിടെ നിന്ന് മറുപടി തയ്യാറാക്കി നൽകി. കമ്മീഷന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കൽ, തിരഞ്ഞെടുപ്പ് നടപടികളുടെ വിവിധ ഘട്ടങ്ങളിലെ സ്ഥിതിവിവരക്കണക്ക് സമാഹരിച്ചു തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തങ്ങളും ഗവേഷണ അവലോകന വിഭാഗം കൈകാര്യം ചെയ്യുന്നു.

കമ്മീഷന്റെ തിരഞ്ഞെടുപ്പ നടപടിക്രമങ്ങൾ കൂടുതൽ വേഗത്തിലും കൃത്യതയിലും സുതാര്യതയിലും നടപ്പിലാക്കുന്നതിനായി വിവരസാങ്കേതികവിദ്യയുടെ സേവനംകൂടി പ്രയോജനപ്പെടുത്തുക എന്ന കമ്മീഷന്റെ നയപരമായ തീരുമാനപ്രകാരം പി എസ് സി മാന്വൽ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനുള്ള ജോലികളും ഗവേഷണ അവലോകന വിഭാഗത്തിൽ നടന്നുവരുന്നു.

കമ്മീഷൻ ഓഫീസിൽ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനായി ഒരു സാങ്കേതിക കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. **2023-24** സാമ്പത്തിക വർഷത്തിൽ പ്ലാൻഫണ്ട് വിഹിതമായി **3,38,59,000/- (മൂന്നു കോടി മുപ്പത്തിയെട്ടുലക്ഷത്തി അൻപത്തിയൊൻപതിനായിരം രൂപ മാത്രം** ) രൂപ ലഭിക്കുകയുണ്ടായി. കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ പരിപാലനത്തിനുമായി **2023-24** സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയിൽ **2,96,37,559/- (രണ്ടു കോടി തൊണ്ണൂറ്റിയാറ് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ്റിഅൻപത്തിയൊൻപത് രൂപ മാത്രം)** ചെലവഴിക്കുകയും ബാക്കി തുകയായ **42,21,441/-**(നാൽപ്പത്തിരണ്ടുലക്ഷത്തി ഇരുപത്തിയൊന്നായിരത്തി നാനൂറ്റിനാൽപത്തിയൊന്നു രൂപ മാത്രം) ഗവൺമെന്റിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

## നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന സാങ്കേതിക സംരംഭങ്ങൾ

കേരള പി..എസ് സിയിൽ നിന്ന് വിവരങ്ങളോ സേവനങ്ങളോ തേടുന്ന വ്യക്തികൾക്ക് അവ തടസ്സമില്ലാതെയും ഉപഭോക്തൃ സൗഹാർദ്ദപരമായും നൽകുന്നതിനായി തുളസി ആപ്ലിക്കേഷനും ഡാറ്റാബേസും ക്ലൗഡ് എൻവയോൺമെന്റിലേയ്ക്ക് (Cloud Environment) മാറ്റാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട് . ക്ലൗഡ് സാങ്കേതിക വിദ്യ സുരക്ഷാ ഫീച്ചറുകൾ, സ്കേലബിളിറ്റി, വിശ്വാസ്യത എന്നിവ വർദ്ധിപ്പിക്കുവാൻ സഹായിക്കും. കൂടാതെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ(DUK) സഹായത്തോടെ റിക്രൂട്ട്മെന്റിന്റെ വിവിധ തലങ്ങളിൽ ബ്ലോക്ക് ചെയിൻ ടെക്നോളജി നടപ്പിലാക്കാൻ ബഹു. കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ബ്ലോക്ക് ചെയിൻ അധിഷ്ഠിത ആപ്ലിക്കേഷൻ ഡാറ്റയുടെ സമഗ്രതയും ആധികാരികതയും സുതാര്യതയും ഉറപ്പാക്കുകയും ഏതെങ്കിലും തരത്തിലുള്ള കൃത്രിമത്വം നടത്തുന്നതിനുള്ള സാധ്യത ഇല്ലാതാക്കുകയും, അനധികൃത ആക്സസ് തടയുകയും ചെയ്യുന്നതുവഴി സെൻസിറ്റീവായിട്ടുള്ള ഡാറ്റയുടെ

സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നു. അപേക്ഷകർ പ്രൊഫൈലിലൂടെ അപേക്ഷ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യുന്ന ഫോട്ടോ, ഒപ്പ്, പ്രവർത്തി പരിചയ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട മാനുഷിക പ്രയത്നം കുറയ്ക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള യുടെ സഹായത്തോടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനും ബഹുമാനപ്പെട്ട കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

## ശാക്തീകരണ പരിപാടികൾ

റിപ്പോർട്ട് കാലയളവിൽ സംഘടിപ്പിച്ച വിവിധ ശാക്തീകരണ പരിപാടികളുടെ വിവരങ്ങൾ **അധ്യായം 27** ൽ ചേർത്തിരിക്കുന്നു.

## കേരള പബ്ലിക് സർവീസ് കമ്മീഷൻ- ഔദ്യോഗിക ഫെയ്സ്ബുക്ക് പേജ്

കേരള പബ്ലിക് സർവീസ് കമ്മീഷനെ കൂടുതൽ ഉദ്യോഗാർഥി സൗഹൃദമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2018 ജനുവരി 1 മുതൽ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജ് ആരംഭിച്ചത്. വിജ്ഞാപനങ്ങൾ, അലേർട്ടുകൾ, പി എസ് സിയെ സംബന്ധിച്ച മറ്റുകാര്യങ്ങൾ, എന്നിവ ഈ പേജിലൂടെ നൽകുന്നുണ്ട്. നിലവിൽ ഈ പേജിന് മൂന്നു ലക്ഷത്തിലേറെ ഫോളോവേഴ്സും, ലൈക്കും ഉണ്ട് .

## ഒറ്റത്തവണ രജിസ്ട്രേഷൻ/പരിശോധനാവിഭാഗം

അപേക്ഷ സ്വീകരിച്ച് ഒരു വർഷത്തിനുള്ളിൽതന്നെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന കമ്മീഷൻ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഒറ്റത്തവണ രജിസ്ട്രേഷൻ/ പരിശോധനാ വിഭാഗം നിലവിൽ വന്നത്. പ്രമാണങ്ങളുടെ ഒറ്റത്തവണ പരിശോധന,പ്രൊഫൈയിലുകളിലെ തിരുത്തൽ, കൂട്ടിച്ചേർക്കൽ, പ്രൊഫൈയിലുമായി ബന്ധപ്പെട്ട പരാതി പരിഹരിക്കൽ എന്നിവ ഈ വിഭാഗം നടത്തുന്നുണ്ട്.

## ഇ-ഓഫീസ് സംവിധാനം

ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ഓഫ് ഇന്ത്യയുടെ നാഷണൽ ഇ-ഗവേണൻസ് പ്ലാനിന്റെ കീഴിൽ വരുന്ന പ്രോജക്ടുകളിൽ ഒന്നാണ് **ഇ-ഓഫീസ്.** നിലവിലെ മാന്വലായിട്ടുള്ള ഫയൽ വർക്കുകളിൽ നിന്ന് ഇലക്ട്രോണിക് ഫയൽ സംവിധാനത്തിലേയ്ക്ക് മാറുന്നതിലൂടെ ഇ-ഓഫീസ് ലക്ഷ്യമാക്കുന്നത് കാര്യക്ഷമത, ഗുണമേന്മ, നിലവിലെ വിഭവ ശേഷിയുടെ മികച്ച വിനിയോഗം, നടപടിക്രമങ്ങളുടെ സമയദൈർഘ്യം കുറയ്ക്കൽ, സുതാര്യത

എന്നിവയാണ്. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ മുഴുവൻ ഓഫീസുകളും ഇ- ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്. കൂടാതെ ഫയലുകളുടെ നീക്കം ഇ-ഓഫീസ് സംവിധാന ത്തിലൂടെ മാത്രമാണ് നടക്കുന്നത്

## 2. ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ

കേരള പബ്ലിക് സർവീസ് കമ്മീഷൻ തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട് ,തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, കാസറഗോഡ്, കോട്ടയം എന്നിവിടങ്ങളിലായി എട്ട് ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. ഈ പരീക്ഷാകേന്ദ്രങ്ങളിൽ ആകെ **1714** ഉദ്യോഗാർഥികളെ ഉൾക്കൊള്ളുവാനും ഒരേ ഘടനയിലുള്ള ചോദ്യങ്ങൾ ഉപയോഗിച്ച് **3428** ഉദ്യോഗാർഥികൾക്ക് ഒരു ദിവസം തന്നെ പരീക്ഷ നടത്തുന്നതിനും സൗകര്യമുണ്ട് .

## എൻജിനിയറിംഗ് കോളേജുകളിൽ ഓൺലൈൻ പരീക്ഷാ സെന്ററുകളുടെ വ്യാപനം

ഏപ്രിൽ 2018 മുതൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ സ്വന്തമായിട്ടുള്ള ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾക്ക് പുറമേ കേരളത്തിലെ വിവിധ സർക്കാർ, എയ്ഡഡ് കോളേജുകളിൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നുണ്ട്. ആകെ 6150 പേർക്ക് ഒരേസമയം പരീക്ഷ എഴുതാൻ കഴിയുന്ന രീതിയിൽ ഇതുവരെ നാൽപ്പത്തിമൂന്ന് എൻജിനിയറിംഗ് കോളേജുകളെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

## 3. കംപ്യൂട്ടർവൽകൃത ഹാജർ സംവിധാനം

കംപ്യൂട്ടർവൽകൃത ഹാജർ സംവിധാനം മോണിറ്റർ ചെയ്യുന്നതിനായി എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ അറ്റൻഡൻസ് മാനേജ് മെന്റ് വിഭാഗം പ്രവർത്തിക്കുന്നു.

## 4. നിയമന ഓഡിറ്റ് – പരിശോധനാ വിഭാഗം

14/12/2010 ലെ GO(P)41/2010 P&ARD നം. ഉത്തരവ് പ്രകാരം നിയമന ഓഡിറ്റ്, പരിശോധനാ വിഭാഗം 01/09/2011 മുതൽ പ്രവർത്തിച്ചുവരുന്നു. റിപ്പോർട്ട് കാലയളവിൽ നിയമന പരിശോധനയ്ക്കായുള്ള **22,4211** അപേക്ഷകൾ ലഭിക്കുകയും അവയിൽ **20,421** അപേക്ഷകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. **31.03.2024-ൽ 3,407** അപേക്ഷകൾ അവശേഷിക്കുന്നുണ്ട്.

20,177 വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ ഈ വിഭാഗത്തിൽനിന്ന് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ **അനുബന്ധം** XL-ൽ നൽകിയിട്ടുണ്ട് .

## 5. വെബ്സൈറ്റ്

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് www.keralapsc.gov.in ആണ്. വിജ്ഞാപനങ്ങൾ, പരീക്ഷാ പ്രോഗ്രാമുകൾ, അഭിമുഖസമയക്രമം, ചുരുക്കപ്പട്ടികകൾ, റാങ്ക് പട്ടികകൾ, പരീക്ഷാ മാർക്കുകൾ, നിയമന ശിപാർശ, പി എസ് സി വിജ്ഞാപന പത്രത്തിന്റെ വെബ് എഡിഷൻ, മറ്റ് അറിയിപ്പുകൾ എന്നിവയും വെബ്സൈറ്റ് വഴി ലഭ്യമാക്കുന്നു. കമ്മീഷനെ സംബന്ധിക്കുന്ന നിയമങ്ങൾ, നടപടിക്രമങ്ങൾ എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്.

### ഔദ്യോഗിക വെബ്സൈറ്റിലെ റിപ്പോർട്ട് കാലയളവിലെ ആകെ വിസിറ്റ് ചുവടെ ചേർക്കുന്നു.

| Month | USERS | NEW USERS |
|---|---|---|
| April 2023 | Not Available | Not Available |
| May 2023 | Not Available | Not Available |
| June 2023 | 416 K | 419 K |
| July2023 | 871 K | 743 K |
| Aug2023 | 571 K | 423 K |
| Sep2023 | 555K | 396 K |
| Oct2023 | 594 K | 416 K |
| Nov2023 | 631 K | 452 K |
| Dec2023 | 662 K | 465 K |
| Jan2024 | 929 K | 668 K |
| Feb2024 | 497 K | 319 K |
| March 2024 | 412 K | 270 K |

K-thousand

| Users by Country | April 2023 | May 2023 | June 2023 | July 2023 | August 2023 | September 2023 | October 2023 | Nov 2023 | Dec 2023 | Jan 2024 | Feb 2024 | March 2024 |
|---|---|---|---|---|---|---|---|---|---|---|---|---|
| India | NA | NA | 406 K | 848 K | 554 K | 540K | 577 K | 614 K | 641 K | 898K | 483 K | 396 K |
| UAE | NA | NA | 2.8 K | 6.1 K | 4.7 K | 3.9 K | 4.8 K | 5.1 K | 6.2 K | 9.2 K | 3.9 K | 3.9 K |
| Singapor | NA | NA | 1.7 K | 4 K | 1.6 K | 1 K | 1.3 K | 1.7 K | 2.3 K | 4.8 K | 0 | 0 |

| e | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| Saudi Arabia | NA | NA | 890 | 1.7 K | 1.5 K | 1.2K | 1.6 K | 1.7 K | 2 K | 3 K | 1.3 K | 1.2 K |
| USA | NA | NA | 857 | 1.9 K | 1.5 K | 1.7 K | 1.7 K | 1.8 K | 1.8 K | 2.5 K | 2 K | 1.7 K |
| Qatar | NA | NA | 730 | 1.6 K | 1.2 K | 1 K | 1.2 K | 1.4 K | 1.7 K | 2.5 K | 1 K | 917 |
| Oman | NA | NA | 495 | 0 | 848 | 0 | 961 | 990 | 1.2 K | 1.7 K | 720 | 0 |
| Norway | NA | NA | | 1.2 K | 0 | 773 | 0 | 0 | 0 | 0 | 0 | 0 |
| Germany | NA | NA | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 839 | 1.4 K |
| South Korea | NA | NA | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 757 |

| **Views by page title and Screen class** | **April 2023** | **May 2023** | **June 2023** | **July 2023** | **August 2023** | **Sept 2023** | **Oct 2023** | **Nov 2023** | **Dec 2023** | **Jan 2024** | **Feb 2024** | **March 2024** |
|---|---|---|---|---|---|---|---|---|---|---|---|---|
| Home | NA | NA | 1M | 2.7 M | 1.8 M | 1.8 M | 2 M | 2.1 M | 2 M | 2.8 K | 1.5 M | 1.2 K |
| OMR Answer key | NA | NA | 249 K | 464 K | 340 K | 256 K | 240 K | 0 | 0 | 0 | 0 | 0 |
| Status of Advice | NA | NA | 153 K | 587 K | 515K | 536 K | 640 K | 619K | 690 K | 706 K | 525 K | 533K |
| Rank List | NA | NA | 148 K | 732 K | 469 K | 455 K | 476 K | 478 K | 595 K | 622 K | 450 K | 456 K |
| Previous Question paper | NA | NA | 141K | 0 | 0 | 0 | 0 | 252 K | 260 K | 349 K | 262 K | 197 K |
| Short lists | NA | NA | 135 K | 596 K | 438 K | 616 K | 730 K | 782 K | 639 K | 496 K | 354 K | 353 K |
| Lates | NA | NA | 134 K | 334 K | 269 K | 319 K | 323K | 323 K | 304 K | 301 K | 229 K | 236 K |
| Advice Today/ Latest advice | NA | NA | 0 | 321 K | 261 K | 254 K | 287 K | 273 K | 246 K | 0 | 249 K | 288 K |
| Login | NA | NA | 0 | 0 | 0 | 0 | 0 | 0 | 0 | 332 K | 0 | 0 |

## കമ്മീഷന്റെ വെബ്സൈറ്റിലെ ആകെ ലഭിച്ച വിസിറ്റുകളുടെ ഗ്രാഫ് രൂപം









## 6. പൊതുജനസമ്പർക്ക വിഭാഗം – പ്രവർത്തനങ്ങൾ

പൊതുജനങ്ങളെയും കേരള പബ്ലിക് സർവീസ് കമ്മീഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കാര്യക്ഷമമായ ഘടകമായി പൊതുജനസമ്പർക്കവിഭാഗം പ്രവർത്തിച്ചുവരുന്നു. പൊതുജന സമ്പർക്കവിഭാഗത്തിന്റെ അഭംഗുരമായ സേവനങ്ങൾ കമ്മീഷനും വിവിധ അച്ചടി മാധ്യമങ്ങൾ, ഓൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ, മറ്റ് ടി.വി ചാനലുകൾ, പ്രാദേശിക നെറ്റ് വർക്കുകൾ, നവ

മാധ്യമങ്ങൾ എന്നിവയും തമ്മിൽ ഉറ്റ സൗഹൃദവും പരസ്പരബന്ധവും നിലനിർത്താൻ സഹായിക്കുന്നു.

പൊതുജനങ്ങളുടെ അറിവിലേയ്ക്കുള്ള വിവരങ്ങൾ പത്രക്കുറിപ്പുകളിലൂടെയും, പ്രസ്താവന കളിലൂടെയും നിരന്തരം ജനങ്ങളിലെത്തിക്കുന്നു. കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെയും,അഭിമുഖ ങ്ങളുടെയും സമയവിവര പട്ടികകൾ ഏറെ പ്രചാരത്തോടെ പത്രങ്ങളിലൂടെയും, ഓൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ, പി എസ് സി ബുള്ളറ്റിൻ, മറ്റു സ്വകാര്യ ടെലിവിഷൻ ചാനലുകൾ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ്, ഫെയ്സ്ബുക്ക് എന്നിവ വഴിയും ജനങ്ങളി ലെത്തിക്കുന്നു.

പൊതുജനങ്ങളുടെയും, ദൃശ്യ/പത്രമാധ്യമങ്ങളുടെയും, ജനപ്രതിനിധികളുടെയും അഭിപ്രാ യങ്ങൾ, നിർദേശങ്ങൾ, വിമർശനങ്ങൾ, പരാതികൾ തുടങ്ങിയവ സമയാസമയങ്ങളിൽ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതും പൊതുജന സമ്പർക്ക വിഭാഗമാണ്. കമ്മീഷൻ നല്കുന്ന വിശദമായ പ്രസ്താവനകൾ, സ്പഷ്ടീകരണങ്ങൾ തുടങ്ങിയവ പൊതുജനങ്ങളിൽ എത്തിക്കുന്നതും പൊതുജനസമ്പർക്ക വിഭാഗമാണ്. പൊതുജനസമ്പർക്ക വിഭാഗം ഒരു ഇൻഫർമേഷൻ കേന്ദ്രമായിക്കൂടി പ്രവർത്തിക്കുന്നു. **2023-24** കാലഘട്ടത്തിൽ **233** പത്രക്കുറിപ്പുകൾ നൽകിയിട്ടുണ്ട്.

## 7. അന്വേഷണ വിഭാഗം

കേരള പബ്ലിക് സർവീസ് കമ്മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള സംശയ നിവാരണത്തിനായും, വിവിധ അന്വേഷണങ്ങൾക്കായും നേരിട്ടും മറ്റു ആശയവിനിമയ മാർഗ്ഗങ്ങളിലൂടെയും നിത്യേന കമ്മിഷനെ സമീപിക്കുന്ന ഉദ്യോഗാർഥികൾക്ക് ആവശ്യമായ വിവരങ്ങൾ കൈമാറുന്നതിന് ഒരു എൻക്വയറി ഓഫീസർ, അഞ്ച് അസിസ്റ്റന്റുമാർ എന്നിവ രടങ്ങുന്ന സംഘം ആസ്ഥാന ഓഫീസിലെ അന്വേഷണ വിഭാഗത്തിൽ സ്തുത്യർഹമായ സേവനം നടത്തിവരുന്നു. എല്ലാ പ്രവൃത്തിദിനങ്ങളിലും രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെ അന്വേഷണ വിഭാഗം പ്രവർത്തിച്ചുവരുന്നു.

## പി എസ് സി ബുള്ളറ്റിൻ പ്രസിദ്ധീകരണം

പി എസ് സിയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ പിഎസ് സി ബുള്ളറ്റിൻ **01.06.1997** ൽ പുറത്തിറക്കിയ വാല്യത്തിലൂടെ പുനഃപ്രസിദ്ധീകരണം ആരംഭിച്ചു. പുനഃപ്രസിദ്ധീകരണം

ആരംഭിച്ചതുമുതൽ എല്ലാ മാസവും 1 , 15 തീയതികളിൽ ദ്വൈവാരികയായി (വർഷത്തിൽ 24 ലക്കങ്ങൾ) പിഎസ് സി ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചുവരുന്നു.

സ്ഥിരം പംക്തികളായ സംശയങ്ങൾക്ക് മറുപടി, നിയമനം ഇതുവരെ, റാങ്ക് പട്ടികകൾ, ചുരുക്കപ്പട്ടികകൾ, അഭിമുഖ സമയക്രമം, പരീക്ഷാകലണ്ടർ, മുൻ ചോദ്യപേപ്പറുകൾ, പരിഷ്കരിച്ച ഉത്തരസൂചിക എന്നിവയ്ക്ക് പുറമേ തൊഴിൽ അന്വേഷകരായ ഉദ്യോഗാർഥികൾക്ക് പ്രയോജനപ്പെടും വിധം സമകാലികവും ആനുകാലികവുമായ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി വരുന്നു. ശാസ്ത്ര വിഷയങ്ങളും സാംസ്കാരിക വിഷയങ്ങളുമായി ബന്ധപ്പെട്ട പംക്തികളും പൊതു വിജ്ഞാനം, ലഘുഗണിതം, മാനസിക കാര്യശേഷി പരിശോധന എന്നിവയുമായി ബന്ധപ്പെട്ട മാതൃകാ ചോദ്യപേപ്പറുകളും പ്രസിദ്ധീകരിക്കുന്നു. വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനങ്ങളുടെ വിശദാംശംങ്ങൾ പി എസ് സി ബുള്ളറ്റിന്റെ പ്രധാന സവിശേഷതയാണ്.

- റിപ്പോർട്ട് കാലയളവിൽ പി എസ് സി ബുള്ളറ്റിന്റെ 24 പതിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- 25000GK & Current Affairs , പി. എസ്. സി ബുള്ളറ്റിൻ വിശേഷാൽ പതിപ്പിന്റെ 10000 കോപ്പികൾ എന്നിവ പ്രിന്റ് ചെയ്ത് വിതരണം ചെയ്തിട്ടുണ്ട്.

## പി എസ് സി ബുള്ളറ്റിൻ വിൽപനയുമായി ബന്ധപ്പെട്ട കണക്കുകൾ താഴെ ചേർക്കുന്നു

| | | | |
|---|---|---|---|
| **വരിസംഖ്യ മുഖേന ലഭിച്ച തുക** | | | 21,41,875.00 |
| 1 | മണിയോഡർ മുഖേന ലഭിച്ച തുക ( ആസ്ഥാന ഓഫീസിൽ ) | 25,500.00 | |
| 2 | വാർഷിക വരിസംഖ്യ പണമായി ആസ്ഥാന ഓഫീസിൽ ലഭിച്ചത് | 70,050.00 | |
| 3 | ഡി.ഡി. മുഖേന ലഭിച്ച തുക | 300.00 | |
| 4 | ഓൺലൈൻ മുഖേന ലഭിച്ച വാർഷിക വരിസംഖ്യ | 17,30,550.00 | |
| 5 | ചെലാൻ/ ഇ-ചെലാൻ വഴി ലഭിച്ച തുക | 31,320.00 | |
| 6 | പി.എസ് സി ബുള്ളറ്റിൻ ( ഇ-വെർഷൻ) നുവേണ്ടി ഓൺ ലൈൻ മുഖേന ലഭിച്ച വാർഷിക വരിസംഖ്യ | 2,84,155.00 | |
| **ഏജൻസി മുഖേന ലഭിച്ച തുക** | | | |
| 7 | മണി ഓർഡർ മുഖേന ലഭിച്ച തുക (ആസ്ഥാന ഓഫീസിൽ) | 42,960.00 | 13,34,033. |
| 8 | ഡി.ഡി. മുഖേന ലഭിച്ച തുക ( ആസ്ഥാന ഓഫീസിൽ ) | 31,860.00 | |
| 9 | ചെലാൻ/ഇ ചെലാൻ മുഖേന ലഭിച്ച തുക | 3.61.096.00 | |
| 10 | ആസ്ഥാന ഓഫീസിൽ പണമായി ലഭിച്ച തുക | 8,98,117.00 | |
| **ബുള്ളറ്റിൻ** | | | |
| 11 | പിഎസ് സി ബുള്ളറ്റിന്റെ കൗണ്ടറിലെ വിൽപന മുഖേന ലഭിച്ച തുക | 21,345.00 | 21,345.00 |

| **വിശേഷാൽ പതിപ്പുകൾ** | | | |
|---|---|---|---|
| 12 | വിശേഷാൽ പതിപ്പുകളുടെ വിൽപന മുഖേന ലഭിച്ച തുക | 22,67,675.00 | 24,64,825.00 |
| 13 | ഓൺലൈൻ മുഖേന ലഭിച്ച തുക ( വിശേഷാൽ പതിപ്പ്) | 1,97,150.00 | |
| **ആകെ** | | | **59,62,078.00** |

**(അൻപത്തിയൊൻപത് ലക്ഷത്തി അറുപത്തിരണ്ടായിരത്തിയെഴുപത്തിയെട്ട് രൂപ മാത്രം)**

## 8.വിവരാവകാശ വിഭാഗങ്ങൾ

വിവരാവകാശനിയമം-2005 മായി ബന്ധപ്പെട്ട അപ്പീലുകൾ കൈകാര്യം ചെയ്യുന്നതിനാണ് ഈ വിഭാഗം രൂപീകരിച്ചിട്ടുള്ളത്. ഉദ്യോഗാർഥികളുടെ അന്വേഷണങ്ങളും/ പരാതികളും ഈ വിഭാഗം കൈകാര്യം ചെയ്യുന്നു. വിവരാവകാശ നിയമപ്രകാരം അപ്പീൽ അധികാരിയായിട്ടുള്ള ഒരു ജോയിന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിലാണ് ഈ വിഭാഗം പ്രവർത്തിച്ചു വരുന്നത്. 18 സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും 19 അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും ഒരു അപ്പീൽ അധികാരിയുമാണ് ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ളത്.

അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന പൊതുവിവരാവകാശ ഓഫീസറായി നിയമിച്ചു. ടി ഓഫീസറുടെ കീഴിൽ രണ്ട് വിഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്രീകൃത സംവിധാനം 01/03/2014 മുതൽ കമ്മീഷന്റെ തീരുമാനപ്രകാരം പ്രവർത്തിച്ചുവരുന്നു.

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ തീരുമാനത്തിനെതിരെയുള്ള ഒന്നാമത്തെ അപ്പീൽ അപേക്ഷകൾ സ്വീകരിക്കുന്നതിനായി മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിലായി താഴെ പറയുന്ന ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| സെക്ഷൻ ഓഫീസർ | 2 |
| അസിസ്റ്റന്റുമാർ | 2 |
| കംപ്യൂട്ടർ അസിസ്റ്റൻറ് | 2 |
| ഓഫീസ് അറ്റൻഡന്റ് | 2 |

**വിവരാവകാശ നിയമം– 2005 മായി ബന്ധപ്പെട്ട**
**വകുപ്പുതല അച്ചടക്ക നടപടിയുടെ വിശദവിവരം** – ഇല്ല

**കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ**
**ശുപാർശ ചെയ്ത അച്ചടക്ക നടപടിയുടെ വിശദാംശങ്ങൾ** – ഇല്ല

**വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട**
**കൈക്കൊണ്ട വകുപ്പുതല അച്ചടക്ക നടപടി** – ഇല്ല

**റിപ്പോർട്ട് കാലയളവിൽ ലഭിച്ച അപേക്ഷകളുടെയും അവയിൽ സ്വീകരിച്ച നടപടികളുടേയും വിശദാംശങ്ങൾ**

| Name of Department | No .of Public Authorities | No. of Public information Officers designated | No. of Appellate Officers Designated | No of requests | | | | No of First Appeal | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | At the beginning of the Year | Received during the Year | Disposed during the Year | Rejected during the Year | Pending with Appellate Officers as on 31.03.2024 | Preferred during the Year | With Appellate Officers | Disposed |
| KPSC | 1 | 18 | 19 | 129 | 4670 | 4599 | 280 | 9 | 323 | 332 | 314 |

റിപ്പോർട്ട് കാലയളവിലെ പ്രസ്തുത വിഭാഗങ്ങളുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ XXXIII മുതൽ XXXIX വരെയുള്ള അനുബന്ധത്തിൽ ഉൾപെടുത്തി

## 9.ഗ്രന്ഥശാല

അംഗത്വം ചെയർമാനും മെംബർമാർക്കും ജീവനക്കാർക്കുമായി പരിമിതപ്പെടുത്തിയിട്ടുള്ള ഒരു വായനാധിഷ്ഠിതമായ നിർദേശക ഗ്രന്ഥശാലയായി കേരള പബ്ലിക് സർവീസ് കമ്മീഷൻ ഗ്രന്ഥശാല പ്രവർത്തിച്ചുവരുന്നു. ലൈബ്രറിയുടെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെയാണ് (12.30 മുതൽ 1.15 വരെ ഇടവേള). കമ്മീഷനും ജീവനക്കാർക്കും ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി രേഖകളും പുസ്തകങ്ങളും കൃത്യമായി തരംതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. ലൈബ്രറി ഒരു കറന്റ് അവെയർനസ് സർവീസ് (CAS) കേന്ദ്രമായി പ്രവർത്തിക്കുന്നു. കൂടാതെ താഴെ പറയുന്ന പ്രവർത്തനങ്ങളും ഗ്രന്ഥശാലയിൽ കൈകാര്യം ചെയ്യുന്നു.

1 കമ്മീഷൻ മുൻ കാലഘട്ടത്തിൽ നടത്തിയിട്ടുള്ള വകുപ്പുതല പരീക്ഷകളുടെയും മത്സര പരീക്ഷകളുടെയും ചോദ്യപേപ്പറുകളുടെ സൂചിക തയാറാക്കൽ.

2 കമ്മീഷൻ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനങ്ങളുടെ സൂചിക തയാറാക്കൽ.

3 ഗ്രന്ഥശാലയിൽ ലഭ്യമാകുന്ന പുസ്തകങ്ങളുടെ തരംതിരിക്കലും പട്ടിക തയാറാക്കലും.

4 റെഡി റഫറൻസ് സേവനം .

**ലൈബ്രറിയിൽ ലഭ്യമായ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും വിവരങ്ങൾ**

| | | |
|---|---|---|
| 1 | പുസ്തകങ്ങളുടെ എണ്ണ | 22500 |
| 2 | ആനുകാലികങ്ങൾ/ജേണലുകൾ | 40 |
| 3 | റിപ്പോർട്ട് കാലയളവിൽ പുതുതായി കൂട്ടിച്ചേർത്ത പുസ്തകങ്ങളുടെ എണ്ണം | 1062 |

# അധ്യായം – 7

# വരവുചെലവുകൾ, കത്തിടപാടുകൾ, ആന്തരിക കണക്ക് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനരീതി

## വരവും ചെലവും

വകുപ്പുതലപരീക്ഷകൾക്കുള്ള അപേക്ഷാഫീസ്, വകുപ്പുതലപരീക്ഷയുടെ സർട്ടിഫിക്കറ്റ് ഫീസ്, കോർട്ട്ഫീസ്റ്റാംപുകൾ, ഇന്ത്യൻ പോസ്റ്റൽ ഓർഡർ, പി എസ് സി ബുള്ളറ്റിൻ തുടങ്ങിയവയുടെ വിൽപന വഴി ലഭ്യമായ ആകെ വരവ് **5,36,72,277/-** രൂപയാണ്. മുൻ സാമ്പത്തിക വർഷത്തെ ആകെ വരവ് **5,97,66,461/-** രൂപയായിരുന്നു. നടപ്പു സാമ്പത്തിക വർഷത്തെ ആകെ ഓഡിറ്റ് എസ്റ്റിമേറ്റ് (അനുവദിച്ചത്) **217,50,66,000/-**രൂപയാണ്. മുൻ സാമ്പത്തിക വർഷത്തെ **190,27,80,013/-**രൂപയെ അപേക്ഷിച്ച് റിപ്പോർട്ട് കാലയളവിലെ ആകെ ചെലവ് **204,73,,28,231/-** രൂപയുമാണ്. കംപ്യൂട്ടറൈസേഷനും അവയുടെ അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനുമായി ബജറ്റ് അലോട്ട്മെന്റായി (പ്ലാൻ ഫണ്ട്) **3,38,59,000/** രൂപ അനുവദിക്കുകയും ആകെ **2,96,37,559/-** രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വരവുചെലവു കണക്കുകളുടെ വിശദാംശം **അനുബന്ധം II** —ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ആന്തരിക കണക്ക് പരിശോധനാ വിഭാഗം

30.03.2005 ലെ എസ്റ്റാ II(1) 1/2004/ഗ.വി ഉത്തരവ് പ്രകാരം ആദ്യമായി ഒരു ആന്തരിക കണക്ക് പരിശോധനാ വിഭാഗം രൂപികരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ 01.04.2005 മുതൽ ആരംഭിക്കുകയും ചെയ്തു. **2023-24** കാലയളവിൽ താഴെ പറയും പ്രകാരം ആസ്ഥാന, മേഖലാ ജില്ലാ ഓഫീസുകളിലെ സാമ്പത്തിക കാര്യങ്ങളിൽ ഈ വിഭാഗം പരിശോധനകൾ നടത്തിയിരുന്നു.

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | കണക്ക് പരിശോധനാ കാലയളവ് | പരിശോധനാ തീയതി |
|---|---|---|---|
| 1 | മേഖലാ ഓഫീസ്, കൊല്ലം | From 01.04.2022 to 31.03.2023 | From 03.04.2023 to 05.04.2023 |
| 2 | ജില്ലാ ഓഫീസ്,എറണാകുളം | From 01.04.2022 to 31.03.2023 | From 25.04.2023 to 28.04.2023 |
| 3 | ജില്ലാ ഓഫീസ്, കോഴിക്കോട് | From 01.05.2022 to 30.04.2023 | From 08.05.2023 to 11.05.2023 |
| 4 | ജില്ലാ ഓഫീസ്, തിരുവനന്തപുരം | From 01.05.2022 to 30.04.2023 | From 22.05.2023 to 25.05.2023 |
| 5 | കെ.പി.എസ്.സി. ആസ്ഥാന ആഫീസ്, തിരുവനന്തപുരം | From 01.04.2022 to 31.03.2023 | From 20.06.2023 to 23.06.2023,<br>From 21.08.2023 to 24.08.2023,<br>From 03.10.2023 to 11.10.2023,&<br>From 18.12.2023 to 21.12.2023 |
| 6 | ജില്ലാ ഓഫീസ്, മലപ്പുറം | From 01.06.2022 to 31.05.2023 | From 13.06.2023 to 16.06.2023 |
| 7 | ജില്ലാ ഓഫീസ്, കൊല്ലം | From 01.07.2022 to 30.06.2023 | From 04.07.2023 to 07.07.2023 |
| 8 | ജില്ലാ ഓഫീസ്, പാലക്കാട് | From 01.07.2022 to 30.06.2023 | From 19.07.2023 to 22.07.2023 |
| 9 | മേഖലാ ഓഫീസ്, കോഴിക്കോട് | From 01.08.2022 to 31.07.2023 | From 08.08.2023 to 11.08.2023 |
| 10 | ജില്ലാ ഓഫീസ്, വയനാട് | From 01.09.2022 to 31.08.2023 | From 12.09.2023 to 15.09.2023 |
| 11 | ജില്ലാ ഓഫീസ്,ആലപ്പുഴ | From 01.09.2022 to 31.08.2023 | From 18.09.2023 to 21.09.2023 |
| 12 | ജില്ലാ ഓഫീസ് , പത്തനംതിട്ട | From 01.10.2022 to 30.09.2023 | From 17.10.2023 to 20.10.2023 |
ജൂലൈ **2023** ലെ വകുപ്പുതല പരീക്ഷകൾ **20.09..2023** മുതൽ 30.**11.2023** വരെയും, ജനുവരി **2024** ലെ വകുപ്പുതല പരീക്ഷകൾ **30.04.2024** മുതലും നടത്തിയിട്ടുണ്ട്. ജനുവരി **2019** മുതൽ സെക്കൻഡ് ക്ലാസ് ലാംഗ്വേജ് ടെസ്റ്റ്(കന്നട,തമിഴ്)/മൈനോറിറ്റി ലാംഗ്വേജ് ടെസ്റ്റ് (കന്നട, തമിഴ്) എന്നിവയൊഴികെ മറ്റെല്ലാ വകുപ്പുതല പരീക്ഷകളും ഓൺലൈൻ ഒബ്ജക്ടീവ് രീതിയിലാണ് നടന്നുവരുന്നത്. **01.04.2023** മുതൽ **31.03.2024** വരെ നടന്ന വിവിധ വകുപ്പുതല പരീക്ഷകളുടെയും പേപ്പറുകളുടെയും അഡ്മിറ്റ് ചെയ്ത ഉദ്യോഗാർഥികളുടെയും പരീക്ഷാ കേന്ദ്രങ്ങളുടെയും വിശദാംശങ്ങൾ **അനുബന്ധം XXVI-A** യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ **143** കേന്ദ്രങ്ങളും **35** ഓൺലൈൻ സെന്ററുകളുമായി **144** (**7** സ്പെഷ്യൽ ടെസ്റ്റുകളും **23** യോഗ്യതാ പരീക്ഷയും ഉൾപ്പെടെ) വകുപ്പുതല പരീക്ഷകളും അന്ധരായ ഉദ്യോഗാർഥികൾക്കായി **21** വാചാപരീക്ഷകളും നടത്തിയിട്ടുണ്ട്. (വിശദാംശം അനുബന്ധം **XXVII-C** യിൽ.) ഐഎഎസ്, ഐപിഎസ്, ഐഎഫ്എസ് സർവീസിലെ ജൂനിയർ മെംബർമാർക്കുള്ള വകുപ്പുതല പരീക്ഷകളും അഡ്ഹോക് (Ad-hoc) പരീക്ഷകളും റിപ്പോർട്ട് കാലയളവിൽ നടത്തിയിട്ടുണ്ട്.

വിവിധ സ്പെഷ്യൽ പരീക്ഷകളുടെ വിശദാംശങ്ങൾ **അനുബന്ധം XXVI-B** യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഫലപ്രഖ്യാപനം

ജനുവരി 2023 ലെ വകുപ്പുതലപരീക്ഷയുടെ ഫലം **21.06.2023** നും ജൂലൈ 2023- ലെ വകുപ്പുതലപരീക്ഷയുടെ ഫലം **17.01.2024** നും പ്രസിദ്ധീകരിച്ചു. വിവിധ വകുപ്പുതല പരീക്ഷകളുടെ വിശദാംശം അനുബന്ധം **XXVII- A** യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്പെഷ്യൽ ടെസ്റ്റുകളുടെ

ഫലത്തിന്റെ വിശദാംശം അനുബന്ധം **XXVII– B** യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഫലപ്രഖ്യാപനത്തിന്റെ വിശദാംശംങ്ങൾ **അനുബന്ധം** XXVII– B യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പുനഃപരിശോധന

റിപ്പോർട്ട് കാലയളവിൽ ഉത്തരക്കടലാസിന്റെ പുനഃപരിശോധനയ്ക്കായി **68** അപേക്ഷകൾ ലഭിച്ചു. ഇതിൽ **19** അപേക്ഷകൾ നിരസിച്ചു. ( ജനുവരി 2023 & ജൂലൈ 2023**)**

## വകുപ്പുതല പരീക്ഷകളുടെ സർട്ടിഫിക്കറ്റ് വിതരണം

| | | |
|---|---|---|
| 1 | സർട്ടിഫിക്കറ്റിനായി ആകെ ലഭിച്ച അപേക്ഷകൾ ( 01.04.2023 to 31.03.2024) | 18118 |
| 2 | റിപ്പോർട്ട് കാലയളവിൽ വിതരണം ചെയ്ത സർട്ടിഫിക്കറ്റുകൾ (01.04.2023 to 31.03.2024) | 21332 |
| 3 | റിപ്പോർട്ട് കാലയളവിന്റെ ആദ്യം സർട്ടിഫിക്കറ്റ് നൽകാനുള്ള അപേക്ഷകളുടെ എണ്ണം | 31 |
| 4 | റിപ്പോർട്ട് കാലയളവിന്റെ അവസാനം സർട്ടിഫിക്കറ്റ് നൽകാനുള്ള അപേക്ഷകളുടെ എണ്ണം | 308 |
| **ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ** | | |
| 1 | ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായി ആകെ ലഭിച്ച അപേക്ഷകൾ ( 01.04.2023 to 31.03.2024) | 37 |
| 2 | റിപ്പോർട്ട് കാലയളവിൽ വിതരണം ചെയ്ത ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ ( 01.04.2023 to 31.03.2024) | 35 |
| 3 | റിപ്പോർട്ട് കാലയളവിന്റെ ആദ്യം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകാനുള്ള അപേക്ഷകളുടെ എണ്ണം | 2 |
| 4 | റിപ്പോർട്ട് കാലയളവിന്റെ അവസാനം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകാനുള്ള അപേക്ഷകളുടെ എണ്ണം | 4 |
| **വകുപ്പുതല പരീക്ഷകളുമായി ബന്ധപ്പെട്ട നടത്തിയ കത്തിടപാടുകൾ (സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ, അഡ്മിഷൻ ടിക്കറ്റുകൾ, മെമ്മോ തുടങ്ങിയവ)** | | |
| 1 | സർട്ടിഫിക്കറ്റുകൾ | 21332 |
| 2 | മെമ്മോ | 290 |
| 3 | അഡ്മിഷൻ ടിക്കറ്റുകൾ | Nil |
| 4 | അനാമത്ത് | 407 |
| 5 | വകുപ്പുതല കത്തുകൾ | 400 |
| 6 | സർക്കാർ കത്തുകൾ | 10 |
| 7 | ലഭിച്ച കത്തുകൾ | 1500 |
| 8 | അയച്ച കത്തുകൾ | 17773 |
| 9 | ഉദ്യോഗാർത്ഥികൾക്ക് അയച്ച മെമ്മോകൾ | 492 |

## അധ്യായം–19

# വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി

കേരള പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനോ അംഗങ്ങളോ ഉൾപ്പെടുന്ന വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ ശിപാർശയോടെ മാത്രമേ സ്റ്റേറ്റ് സർവീസിൽ എല്ലാ വകുപ്പുകളിലും ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം പ്രാബല്യത്തിലാകുകയുള്ളൂ. വിവിധ വകുപ്പുകളിലായി **287** വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ മീറ്റിങ്ങുകൾ നടത്തിയിട്ടുണ്ട് (വിശദാംശങ്ങൾ **അനുബന്ധം XXVIII** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## അധ്യായം – 20

# സംസ്ഥാന സർവീസും സബോർഡിനേറ്റ് സർവീസുമായും ബന്ധപ്പെട്ട നിയമങ്ങളും മറ്റ് ബന്ധപ്പെട്ട നിർദേശങ്ങളും

ഇന്ത്യൻ ഭരണഘടനയുടെ 320 (3) (എ) ( ബി) അനുച്ഛേദം പ്രകാരം, സർവീസുകളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ടി തസ്തികളിലേയ്ക്കുള്ള നിയമന നടപടികളിൽ സ്വീകരിക്കേണ്ട രീതികളിലും, സ്ഥാനക്കയറ്റം സംബന്ധിച്ച വിഷയങ്ങളിലും താഴ്ന്ന തസ്തികകളിൽ നിന്നും മറ്റ് സർവീസിൽ നിന്നുമുള്ള തസ്തിക മാറ്റം, സ്ഥലംമാറ്റം സംബന്ധിച്ച വിഷയങ്ങളിലും സർക്കാരിനെ ഉപദേശിക്കുകയെന്നത് പബ്ലിക് സർവീസ് കമ്മീഷന്റെ പ്രധാന ചുമതലയാണ്.

## <u>സർക്കാർ സേവനവുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ</u>

| | | | |
|---|---|---|---|
| a | ചട്ട രൂപീകരണത്തിന് വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന ചട്ടങ്ങൾ | : | 06 |
| b | ചട്ടരൂപീകരണത്തിനായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദേശങ്ങൾ | : | 07 |
| c | ചട്ടങ്ങൾക്കു മേൽ ഉപദേശം നൽകിയവ | : | 09 |
| d | റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ ചട്ടങ്ങളുടെ ഭേദഗതിക്കായിലഭിച്ച | : | 18 |

| | | | |
|---|---|---|---|
| | നിർദേശങ്ങൾ | | |
| e | ചട്ടങ്ങൾക്കുമേൽ ഭേദഗതി ഉപദേശം നൽകിയവ | : | 19 |
| f | വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിനായി ലഭിക്കാനുള്ളവ | : | 24 |
| g | ഭേദഗതിക്കായി നിർദേശങ്ങൾ റിപ്പോർട്ട് കാലയളവിൽ ലഭിച്ചത് | : | 21 |

**യോഗ്യതകളുടെ അംഗീകാരം** ഇല്ല

**തെരെഞ്ഞെടുപ്പ് ചട്ടങ്ങളും യോഗ്യതകളുടെ അംഗീകാരവും മറ്റ് അനാമത്ത് പരാമർശങ്ങളും സംബന്ധിച്ച നിയമോപദേശങ്ങളും നിയമ ഭേദഗതികളും സംബന്ധിച്ച വിവരങ്ങൾ.**

**വിശദാംശങ്ങൾ അനുബന്ധം XXIX ൽ നൽകിയിട്ടുണ്ട്**

## അധ്യായം – 21

# കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്/ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ/ സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ/ എന്നിവയുമായി ബന്ധപ്പെട്ട അധികച്ചുമതലകൾ

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ കോർപ്പറേഷനുകൾ/ബോർഡുകൾ എന്നിവയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട അധിക ച്ചുമതലകൾ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിക്ഷിപ്തമായതിന്റെ അനുബന്ധമായി ടി സ്ഥാപനങ്ങളിലെ വിവിധ തസ്തികകളുമായി/ സേവനങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക ചട്ട

നിർമാണത്തിലുള്ള ഉപദേശം കൂടി കമ്മീഷനിൽ നിക്ഷിപ്തമാണ്. കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന കമ്പനികൾ/കോർപ്പറേഷനുകൾ/ബോർഡുകൾ എന്നിവയുടെ പട്ടിക **അനുബന്ധം XXIV** ലും അവയുമായി ബന്ധപ്പെട്ട ചട്ട രൂപീകരണത്തിനു നൽകിയ നിർദ്ദേശങ്ങൾ **അനുബന്ധം** XXX ലും ചേർത്തിരിക്കുന്നു.

## കമ്പനികൾ/ കോർപറേഷനുകൾ/ ബോർഡുകൾ എന്നിവയുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ

| | | | |
|---|---|---|---|
| a | ചട്ട രൂപീകരണത്തിന് വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന ചട്ടങ്ങൾ | : | 03 |
| b | ചട്ടരൂപീകരണത്തിനായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദേശങ്ങൾ | : | 03 |
| c | ചട്ടങ്ങൾക്കു മേൽ ഉപദേശം നൽകിയവ | : | 05 |
| d | റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ ചട്ടങ്ങളുടെ ഭേദഗതിക്കായിലഭിച്ച നിർദേശങ്ങൾ | : | 02 |
| e | ചട്ടങ്ങൾക്കുമേൽ ഭേദഗതി ഉപദേശം നൽകിയവ | : | 15 |
| f | വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിനായി ലഭിക്കാനുള്ളവ | : | 13 |
| g | ഭേദഗതിക്കായി നിർദേശങ്ങൾ റിപ്പോർട്ട് കാലയളവിൽ ലഭിച്ചത് | : | 11 |

## a) റിപ്പോർട്ട് വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ

1 കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

2 കേരള സ്റ്റേറ്റ് വികലാംഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്

3 കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

## b) റിപ്പോർട്ട് വർഷത്തിൽ ലഭിച്ച ചട്ടങ്ങൾ

1 കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

2 കേരള ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

3 കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക് ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

## c) ചട്ടങ്ങളിന്മേൽ നിയമോപദേശം നൽകിയത്

1 കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

2 കേരള സ്റ്റേറ്റ് വികലാംഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്

3 കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക് ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

4 കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

5 കേരള ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

## d) റിപ്പോർട്ട് വർഷത്തിന്റെ ആദ്യം നിയമഭേദഗതി സംബന്ധിച്ച് തീർപ്പാക്കാനുണ്ടായിരുന്നത്

1 കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്-വിവിധ തസ്തികകൾ

2 കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്-ജനറൽ മാനേജർ ( ഓപ്പറേഷൻസ്)-കമ്പനി സെക്രട്ടറി

## e) റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത്

1 റി.റി പി. എൽ – ജൂനിയർ ക്ലാർക്ക്

2 കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് -എൽ. ഡി. ടൈപ്പിസ്റ്റ്

3 കാംകോ- അസിസ്റ്റന്റ് ഗ്രേഡ് IIII, IV

4 കെ.എം.എം എൽ- വിവിധ തസ്തികകൾ

5 കേരള ലൈവ് സ്റ്റോക്ക് ഡെവലപ് മെന്റ് ബോർഡ്- സൂപ്രണ്ട് ( ഓപ്പറേഷണൽ)

6 കേരള ഷിപ്പിങ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്-ടിക്കറ്റ് വിതരണക്കാരൻ/ട്രാഫിക്ക്

7 കേരള മാരിടൈം ബോർഡ്- എഞ്ചിനീയർ കം ട്രഡ്ജർ/ എഞ്ചിനീയർ ഇൻ ചാർജ്ജ്

8 കെ.എസ്.ഐ.ഇ. ലിമിറ്റഡ്- കെമിസ്റ്റ്

9 കെ.എസ്.ഇ,ബി, അസിസ്റ്റന്റ് എഞ്ചിനീയർ ( ഇലക്ട്രിക്കൽ)-പ്രമോഷൻ- അനുമതി

10 കെ.റ്റി,ഡി.സി-ബോട്ട് സിറാങ്

11 ഔഷധി- ഹോസ്പിറ്റൽ സൂപ്രണ്ട്

12 റി.റി.പി. എൽ- അസിസ്റ്റന്റ് ഡ്രാഫ്റ്റ് മാൻ

13 കെ.റ്റി,ഡി.സി- ചീഫ് അക്കൗണ്ട്സ് ഓഫീസർ, സെക്രട്ടറി& ഫിനാൻസ് കംട്രോളർ

14 കെ.റ്റി,ഡി.സി–ബോട്ട് ലാസ്കർ

15 കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്– കമ്പ്യൂട്ടർ അസിറ്റന്റ്

## f) നിയമഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത്

1 കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്– ജനറൽ മാനേജർ ( ഓപ്പറേഷൻസ്) , കമ്പനി സെക്രട്ടറി

2 ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്-ജൂനിയർ ക്ലാർക്ക്-തസ്തികളുടെ ഏകീകരണം

3 കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

4 കേരള ലൈവ് സ്റ്റോക്ക് ഡെവലപ് മെന്റ് ബോർഡ്– സൂപ്രണ്ട് ( ഓപ്പറേഷണൽ), ജൂനിയർ സൂപ്രണ്ട് ( ഓപ്പറേഷണൽ)( എൽ എൻ. പി)

5 കാംകോ– അസിസ്റ്റന്റ് ഗ്രേഡ് IIII, IV

6 കെ.എം.എം എൽ– വിവിധ തസ്തികകൾ

7 കെ.റ്റി,ഡി.സി–ബോട്ട് സിറാങ്

8 ഔഷധി– ഹോസ്പിറ്റൽ സൂപ്രണ്ട്

9 കേരള മാരിടൈം ബോർഡ്– എഞ്ചിനീയർ കം ട്രഡ്ജർ/ എഞ്ചിനീയർ ഇൻ ചാർജ്ജ്

10 കേരള ഷിപ്പിങ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്-ടിക്കറ്റ് വിതരണക്കാരൻ

11 കെ.എസ്.ഇ,ബി, അസിസ്റ്റന്റ് എഞ്ചിനീയർ ( ഇലക്ട്രിക്കൽ)–പ്രമോഷൻ– അനുമതി

12 കെ.എസ്.ഐ.ഇ. ലിമിറ്റഡ്– കെമിസ്റ്റ്

13 കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്-വിവിധ തസ്തികകൾ

## g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ

1 കേരള ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

2 സീതാറാം ടെക് സ്റ്റൈൽസ് ലിമിറ്റഡ്

3 കേരള സ്റ്റേറ്റ് എക്സ്-സർവീസ്മെൻ ഡെവലപ് മെന്റ് ആൻഡ് റിഹാബിലിറ്റേഷൻ കോർപ്പറേഷൻ (കെക്സ്കോൺ)

4 കേരള ഫീഡ്സ് ലിമിറ്റഡ്

5 കേരള ടൂറിസം ഇൻഫ്രാസ്ട്രക് ചർ ലിമിറ്റഡ്

6 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്

7 കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക് ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

8 കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

9 കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

10 കേരള സ്റ്റേറ്റ് വികലാംഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്

11 കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

II **യോഗ്യതകളുടെ അംഗീകാരം** ഇല്ല

III **അനാമത്ത് പരാമർശങ്ങൾ**

1 കേരള പ്രവാസി ക്ഷേമനിധി ബോർഡ്-നിയമന ചട്ടങ്ങൾ

IV **ചട്ടങ്ങളിൽ നിന്നും ഒഴിവാക്കൽ** ഇല്ല

## അധ്യായം – 22

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംബന്ധമായ അധികച്ചുമതലകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനവുമായി ബന്ധപ്പെട്ട അധികച്ചുമതലകൾ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിക്ഷിപ്തമായതിന്റെ പരിണിതഫലമായി ടി സ്ഥാപനങ്ങളിലെ വിവിധ തസ്തികകളുമായി ബന്ധപ്പെട്ട ചട്ട നിർമ്മാണത്തിലുള്ള ഉത്തരവാദിത്വം കൂടി കമ്മീഷനെ ഏൽപിച്ചിട്ടുണ്ട്.

കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം XXV ൽ ചേർത്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ചട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ **അനുബന്ധം XXXI ൽ** ഉൾപ്പെടുത്തിയിരിക്കുന്നു.

**I.** തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ – ഇല്ല

**II.** യോഗ്യതകളുടെ അംഗീകാരം – ഇല്ല

**III.** അനാമത്ത് പരാമർശങ്ങൾ – ഇല്ല

**IV.** ചട്ടങ്ങളിൽ നിന്ന് ഒഴിവാക്കൽ – ഇല്ല

**കമ്മീഷന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങൾ**

I. വിശാല കൊച്ചി വികസന അതോറിറ്റി

II. ട്രിവാൻഡ്രം ഡവലപ് മെന്റ് അതോറിറ്റി

# അധ്യായം – 23

# സഹകരണ വകുപ്പുമായി ബന്ധപ്പെട്ട അധികച്ചുമതല

സഹകരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുനടപടികളുമായി ബന്ധപ്പെട്ട 1995 ലെ സൊസൈറ്റീസ് (ഭേദഗതി) ഓർഡിനൻസും ( നിയമവകുപ്പിന്റെ 27.10.1995 ലെ 14713/B2/95 നമ്പർ ഉത്തരവും) ഭേദഗതി ചെയ്ത് സർക്കാർ 1995 ലെ 10–ാം നമ്പർ ഓഡിനൻസ് (നിയമ വകുപ്പിന്റെ 29.04.1995 ലെ 6434/B2/95 –ാം നമ്പർ ഉത്തരവ്) ഇതിൻപ്രകാരം ആക്ട് 5 (1995) ആക്ട് 6 (1995) എന്നിവ പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിലും 09.03.1998 ലെ സഹകരണ വകുപ്പിന്റ ജി.ഒ (പി) 41/98 –ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും 14 ജില്ലാ സഹകരണ ബാങ്കുകളിലേയും 15 അപ്പെക്സ് സൊസൈറ്റികളിലേയും നിയമനങ്ങൾ കമ്മീഷന്റെ അധികാര പരിധിയിലായി. പിന്നീട് 18.08.1999 ലെ പൊതുഭരണവകുപ്പിന്റെ 35/99 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3 സ്ഥാപനങ്ങൾ (ചാരിറ്റബിൾ സൊസൈറ്റികൾ) കൂടി കമ്മീഷന്റെ അധികാരപരിധിയിൽ കൂട്ടിച്ചേർത്തു. മുൻ ഉത്തരവുകളുടെ അടിസ്ഥാനത്തിൻ സേവന വേതന വ്യവസ്ഥകൾ കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്.

## I <u>സഹകരണ മേഖലയുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ</u>

| | | | |
|---|---|---|---|
| a) | വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന ചട്ടങ്ങൾ | : | ഇല്ല |
| b) | ചട്ടരൂപീകരണത്തിന്മേലുള്ള ഉപദേശങ്ങൾക്കായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദേശങ്ങൾ | : | ഇല്ല |
| c) | ചട്ടങ്ങൾക്കു മേൽ ഉപദേശം നൽകിയവ | : | ഇല്ല |
| d) | റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ ചട്ടങ്ങളുടെ ഭേദഗതി തീർപ്പാക്കാനുണ്ടായിരുന്നത് | : | ഇല്ല |
| e) | റിപ്പോർട്ട് വർഷത്തിൽ ചട്ട ഭേദഗതിക്കായി ലഭിച്ചത് | : | ഇല്ല |
| f) | റിപ്പോർട്ട് വർഷത്തിൽ ചട്ടഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത് | : | ഇല്ല |
| g) | വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിനായി ലഭിക്കാനുള്ളവ | : | 3 |

**a) വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന ചട്ടങ്ങൾ : ഇല്ല**

| | | | |
|---|---|---|---|
| **b)** | **ചട്ടരൂപീകരണത്തിന്മേലുള്ള ഉപദേശങ്ങൾക്കായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദേശങ്ങൾ** | **:** | **ഇല്ല** |
| **c)** | **ചട്ടങ്ങൾക്ക മേൽ ഉപദേശം നൽകിയവ** | **:** | **ഇല്ല** |
| **d)** | **റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ ചട്ടങ്ങളുടെ ഭേദഗതി തീർപ്പാക്കാനുണ്ടായിരുന്നത്** | **:** | **ഇല്ല** |
| **e)** | **റിപ്പോർട്ട് വർഷത്തിൽ ചട്ട ഭേദഗതിക്കായി ലഭിച്ചത്** | **:** | **ഇല്ല** |
| **f)** | **റിപ്പോർട്ട് വർഷത്തിൽ ചട്ടഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത്** | **:** | **ഇല്ല** |
| **g)** | **വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിനായി ലഭിക്കാനുള്ളവ** | | |

1) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് (KSCARD ബാങ്ക്)- വിവിധ തസ്തികകൾ.

2) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ്

3) കേരള സ്റ്റേറ്റ് കശുവണ്ടി തൊഴിലാളി അപെക്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

## മറ്റു സൊസൈറ്റികൾ

| | | | |
|---|---|---|---|
| a) | വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന ചട്ടങ്ങൾ | : | 2 |
| b) | ചട്ടരൂപീകരണത്തിന്മേലുള്ള ഉപദേശങ്ങൾക്കായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദേശങ്ങൾ | : | ഇല്ല |
| c) | ചട്ടങ്ങൾക്ക മേൽ ഉപദേശം നൽകിയവ | : | ഇല്ല |
| d) | റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ ചട്ടങ്ങളുടെ ഭേദഗതി തീർപ്പാക്കാനുണ്ടായിരുന്നത് | : | ഇല്ല |
| e) | റിപ്പോർട്ട് വർഷത്തിൽ ചട്ട ഭേദഗതിക്കായി ലഭിച്ചത് | : | ഇല്ല |
| f) | റിപ്പോർട്ട് വർഷത്തിൽ ചട്ടഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത് | : | ഇല്ല |
| g) | വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിനായി ലഭിക്കാനുള്ളവ | : | 2 |

**a) വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന ചട്ടങ്ങൾ**

1) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് (കേരളം) സൊസൈറ്റി

അനെർട്ട്

| | | | |
|---|---|---|---|
| **b)** | **ചട്ടരൂപീകരണത്തിന്മേലുള്ള ഉപദേശങ്ങൾക്കായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദേശങ്ങൾ** | **:** | **ഇല്ല** |
| **c)** | **ചട്ടങ്ങൾക്കു മേൽ ഉപദേശം നൽകിയവ** | **:** | **ഇല്ല** |
| **d)** | **റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ ചട്ടങ്ങളുടെ ഭേദഗതി തീർപ്പാക്കാനുണ്ടായിരുന്നത്** | **:** | **ഇല്ല** |
| **e)** | **റിപ്പോർട്ട് വർഷത്തിൽ ചട്ട ഭേദഗതിക്കായി ലഭിച്ചത്** | **:** | **ഇല്ല** |
| **f)** | **റിപ്പോർട്ട് വർഷത്തിൽ ചട്ടഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത്** | **:** | **ഇല്ല** |

**g) വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിനായി ലഭിക്കാനുള്ളവ**

**1** സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്

**2** സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ പബ്ലിക്കേഷൻസ്

## സ്വയം ഭരണ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| a) | വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന ചട്ടങ്ങൾ | : | ഇല്ല |
| b) | ചട്ടരൂപീകരണത്തിന്മേലുള്ള ഉപദേശങ്ങൾക്കായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദേശങ്ങൾ | : | ഇല്ല |
| c) | ചട്ടങ്ങൾക്കു മേൽ ഉപദേശം നൽകിയവ | : | ഇല്ല |
| d) | റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ ചട്ടങ്ങളുടെ ഭേദഗതി തീർപ്പാക്കാനുണ്ടായിരുന്നത് | : | ഇല്ല |
| e) | റിപ്പോർട്ട് വർഷത്തിൽ ചട്ട ഭേദഗതിക്കായി ലഭിച്ചത് | : | ഇല്ല |
| f) | റിപ്പോർട്ട് വർഷത്തിൽ ചട്ടഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത് | : | ഇല്ല |
| g) | വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിനായി ലഭിക്കാനുള്ളവ | : | 2 |

| | | | |
|---|---|---|---|
| **a)** | **വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന ചട്ടങ്ങൾ** | **:** | **ഇല്ല** |

| | | | |
|---|---|---|---|
| b) | **ചട്ടരൂപീകരണത്തിന്മേലുള്ള ഉപദേശങ്ങൾക്കായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദേശങ്ങൾ** | **:** | **ഇല്ല** |
| c) | **ചട്ടങ്ങൾക്ക മേൽ ഉപദേശം നൽകിയവ** | **:** | **ഇല്ല** |
| d) | **റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ ചട്ടങ്ങളുടെ ഭേദഗതി തീർപ്പാക്കാനുണ്ടായിരുന്നത്** | **:** | **ഇല്ല** |
| e) | **റിപ്പോർട്ട് വർഷത്തിൽ ചട്ട ഭേദഗതിക്കായി ലഭിച്ചത്** | **:** | **ഇല്ല** |
| f) | **റിപ്പോർട്ട് വർഷത്തിൽ ചട്ടഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത്** | **:** | **ഇല്ല** |

**g) വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിനായി ലഭിക്കാനുള്ളവ**

1 കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

2 യുണിവേഴ്സിറ്റി റിക്രൂട്ട്മെന്റ്

## അധ്യായം – 24
# അച്ചടക്ക നടപടികൾ

ഭരണഘടനയുടെ 320 3(C) അനുച്ഛേദം പ്രകാരം കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലകളിലൊന്ന് സർക്കാർ ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ അച്ചടക്ക നടപടികളിലും സർക്കാരിനെ ഉപദേശിക്കുകയെന്നുള്ളതാണ്. അച്ചടക്ക നടപടികളിൽ തീർപ്പുകല്പിക്കേണ്ട **154** വിഷയങ്ങൾ റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ കമ്മീഷന്റെ പരിഗണനയിലുണ്ടായിരുന്നു. കൂടാതെ സർക്കാരിൽ നിന്നും റിപ്പോർട്ട് കാലയളവിൽ 158 കേസുകൾ ലഭിക്കുകയുണ്ടായി. ഇത്തരത്തിലുള്ള **164** വിഷയങ്ങളിൽ കമ്മീഷൻ ശിപാർശ സർക്കാരിന് കൈമാറി. റിപ്പോർട്ട് കാലയളവിന്റെ അവസാനം തീർപ്പ് കല്പിക്കാൻ ശേഷിക്കുന്ന കേസുകൾ **148** ആണ്. **426** വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

## കഴിഞ്ഞ പത്ത് വർഷത്തിൽ കമ്മീഷൻ നടത്തിയ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട ശിപാർശകളുടെ താരതമ്യ വിശകലനം (ഗ്രാഫ് രൂപത്തിൽ)




## അധ്യായം– 25

## കമ്മീഷൻ കക്ഷിയായ വ്യവഹാരങ്ങൾ

| | | |
|---|---|---|
| a) | ബഹു.സുപ്രീം കോടതിയിലും ഹൈക്കോടതിയിലും അന്തിമ വിധിയാകാനുള്ള കമ്മീഷൻ കക്ഷിയായ കേസുകൾ WP(c) WA, SLP, CA തുടങ്ങിയവ | 7252 |
| b) | കമ്മീഷനുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത കേസുകൾ | 823 |
| c) | എതിർ സത്യവാങ്മൂലം/ അന്യായ സംഗതി വിവരം ഫയൽ ചെയ്ത കേസുകൾ | 367 |
| d) | തീർപ്പുകൽപിച്ച കേസുകൾ | 550 |
| e) | തീർപ്പ് കൽപിക്കാനുള്ള കേസുകൾ | 7535 |
| f) | കമ്മീഷന്റെ പ്രവർത്തനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രധാന വിധികളുടെ സംക്ഷിപ്തം | ഇല്ല |

## അധ്യായം – 26

## വനിതാ ജീവനക്കാരുടെ പരാതി പരിഹാര കമ്മിറ്റി

13.08.1997-ലെ ബഹു.സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയുടെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി വനിതാ ജീവനക്കാരുടെ പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാനും ഇതിലേയ്ക്കായി ഒരു കമ്മിറ്റിയെ നിയോഗിക്കാനും സർക്കാർ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 25.04.2001 മുതൽ

പ്രാബല്യത്തിലാക്കി കമ്മീഷൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും കോടതി മാർഗനിർദ്ദേശമനുസരിച്ച് ഈ കമ്മിറ്റി, കമ്മീഷൻ ഓഫീസിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരികയുമാണ്.

2013 ലെ Sexual Harassment of Women at Workplace (Prevention, Prohibition and Redressal) നിയമപ്രകാരം 20.07.2013 ൽ കേരള പബ്ലിക് സർവീസ് കമ്മീഷനിലെ ആഭ്യന്തര പരാതി പരിഹാര കമ്മിറ്റി പുനഃ സംഘടിപ്പിക്കുകയുണ്ടായി. ആക്ടിൽ പരാമർശിക്കുന്ന പ്രകാരം സീനിയർ വനിതാ ഉദ്യോഗസ്ഥയും മറ്റ് രണ്ടു ഉദ്യോഗസ്ഥരും ഒരു എൻജിഒ പ്രവർത്തകയും ഉൾപ്പെടുന്നതാണ് കമ്മിറ്റി. കേരള പബ്ലിക് സർവീസ് കമ്മീഷൻ ഏകീകൃത സ്വഭാവമുള്ള സ്ഥാപനമാകയാലും ഒരു യൂണിറ്റ് ആയി പ്രവർത്തിക്കുന്നതിനാലും കമ്മീഷന്റെ ജില്ലാ ഓഫീസുകളിൽ പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. ഈ ആക്ടിൽ നിഷ്കർഷിച്ച പ്രകാരം വിവിധ ജില്ലാ /മേഖലാ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ പ്രിസൈഡിംഗ് ഓഫീസർക്ക് കൈമാറി അവയിൽ നടപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. പരാതിയുമായി ബന്ധപ്പെട്ട തെളിവുകളും രേഖകളും ശേഖരിക്കുന്നതിനായി കമ്മിറ്റി ബന്ധപ്പെട്ട ജില്ലകളിൽ സിറ്റിംഗ് സംഘടിപ്പിക്കാറുണ്ട്. റിപ്പോർട്ട് കാലയളവിൽ ഈ കമ്മിറ്റി മുമ്പാകെ രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ ടി കമ്മിറ്റി നാല് സിറ്റിംഗ് നടത്തിയിട്ടുണ്ട്.

## റിപ്പോർട്ട് കാലയളവിലെ കമ്മിറ്റിയിലെ അംഗങ്ങൾ താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക സ്ഥാനം |
|---|---|---|
| 1 | ശ്രീമതി.ബിന്ദു,വി,ജി (അഡീ.സെക്രട്ടറി) | പ്രിസൈഡിംഗ് ഓഫീസർ |
| 2 | ശ്രീമതി. മായ വി. (പാനൽ ലോയർ ഓഫ് കേരള ലീഗൽ സർവീസ് അതോറിറ്റി & കേരള വനിതാ കമ്മീഷൻ) | കമ്മിറ്റി അംഗം ( പുറമേയുള്ള) |
| 3 | ശ്രീമതി പ്രീത.പി, ( ജോയിന്റ് സെക്രട്ടറി) | കമ്മിറ്റി അംഗം |
| 4 | ശ്രീ. ജോൺ കുര്യൻ, (ഡെപ്യൂട്ടിസെക്രട്ടറി ) 01.04.2023-08.01.2024 വരെ | കമ്മിറ്റി അംഗം |
| 5 | ശ്രീ,പ്രദീപ് കുമാർ. ഐ. പി. ( അണ്ടർ സെക്രട്ടറി) 09.01.2024 മുതൽ | കമ്മിറ്റി അംഗം |

# അധ്യായം – 27

# കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ശിപാർശകളിൽ നിന്നുള്ള വ്യതിയാനം

ഇല്ല

# അധ്യായം – 28

# കേരള പബ്ലിക് സർവീസ് കമ്മീഷൻ- പ്രവർത്തനങ്ങളുടെ താരതമ്യ സംഗ്രഹം

കാലഘട്ടത്തിന്റെ അനിവാര്യതയ്ക്കനുസൃതമായി തിരഞ്ഞെടുപ്പ് രീതികൾ വേഗത്തിലാക്കുന്നതിനായി കമ്മീഷൻ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. **2014-2015** മുതൽ **2023-2024** വരെയുള്ള പത്ത് വർഷക്കാലത്തെ കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യപഠനം പട്ടികാരൂപത്തിലും ഗ്രാഫ് രൂപത്തിലും , കൂടാതെ **2014-2015** മുതൽ **2018-2019 & 2019-2020** - മുതൽ **2023-2024** വരെയുള്ള വിവരങ്ങൾ പട്ടികാരൂപതത്തിലും ചുവടെ ചേർക്കുന്നു..

## 2014-2015 മുതൽ 2023-2024 വരെയുള്ള കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യ പഠനം

| വർഷം | വിജ്ഞാപനം ചെയ്ത തസ്തികകൾ | ലഭ്യമായ അപേക്ഷകൾ | നടത്തിയ പരീക്ഷകൾ | പരീക്ഷയ്ക്കുൾപ്പെടുത്തിയഉദ്യോഗാർഥികൾ | പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികകൾ | ചുരുക്കപ്പട്ടികകളിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികളുടെ എണ്ണം | ഇന്റർവ്യൂ നടത്തിയ തസ്തികകൾ | ഇന്റർവ്യൂവിന് പങ്കെടുത്ത ഉദ്യോഗാർ ഥികൾ | പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ | റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർഥികൾ | നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർഥികൾ | തീർപ്പാക്കിയ അപേക്ഷകൾ | തീർപ്പാക്കാനുള്ള അപേക്ഷകൾ | അച്ചടക്ക നടപടികൾക്കുമേൽ ശിപാർശ കൈമാറിയത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** | **11** | **12** | **13** | **14** | **15** |
| 2014-15 | 1149 | 5811567 | 240 | 4222665 | 382 | 49657 | 405 | 20357 | 630 | 115604 | 27213 | 4238174 | 13789876 | 103 |
| 2015-16 | 969 | 4654688 | 216 | 5026351 | 324 | 144557 | 373 | 20126 | 685 | 286564 | 27234 | 7934500 | 9498574 | 221 |
| 2016-17 | 784 | 10159405 | 372 | 7526765 | 1104 | 154950 | 435 | 36682 | 1124 | 138022 | 38166 | 7861834 | 13841755 | 194 |
| 2017-18 | 1058 | 13199381 | 285 | 9706181 | 813 | 154074 | 484 | 26867 | 982 | 93578 | 33250 | 16836066 | 23966212 | 158 |
| 2018-19 | 623 | 3625576 | 158 | 8858777 | 778 | 160458 | 529 | 42010 | 874 | 185473 | 25036 | 13138183 | 18957144 | 241 |
| 2019-20 | 1132 | 9486503 | 184 | 4640600 | 465 | 213332 | 359 | 15372 | 553 | 108050 | 34106 | 17713487 | 20683896 | 187 |
| 2020-21 | 991 | 5635437 | 193 | 3175097 | 355 | 58126 | 257 | 12530 | 392 | 37288 | 22784 | 11547342 | 21592053 | 152 |
| 2021-22 | 1269 | 12577634 | 259 | 3031539 | 710 | 771279 | 342 | 18194 | 488 | 46747 | 24728 | 16577718 | 29790473 | 105 |
| 2022-23 | 1127 | 8237643 | 275 | 3990600 | 1206 | 870398 | 391 | 16922 | 697 | 115793 | 24404 | 19788479 | 13611099 | 145 |
| **2023-24** | **1180** | **10692794** | **284** | **5653472** | **1492** | **585071** | **586** | **37800** | **1137** | **144285** | **39175** | **14060048** | **12668894** | **164** |

# കഴിഞ്ഞ പത്ത് വർഷത്തെ കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യ പഠനം

## (2014-15 to 2018-2019 and 2019-2020 to 2023-24 )

| വർഷം | വിജ്ഞാപനം ചെയ്ത തസ്തികകൾ | ലഭ്യമായ അപേക്ഷകൾ | നടത്തിയ പരീക്ഷകൾ | പരീക്ഷയ്ക്ക് ഇരുത്തിയ ഉദ്യോഗാർ ഥികൾ | പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികകൾ | ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർഥികൾ | ഇന്റർവ്യൂ നടത്തിയ തസ്തികകൾ | ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർഥികൾ | പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ | റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർഥികൾ | നിയമന ശിപാർശ ലഭിച്ച ഉദ്യോ ഗാർ ഥികൾ | തീർപ്പ് കല്പിച്ച അപേക്ഷകൾ | തീർപ്പ് കല്പിക്കാനുള്ള അപേക്ഷകൾ | ശിപാർശ നൽകിയ അച്ചടക്ക നടപടികൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| **2014-15 to 2018-19** | **4583** | **37450617** | **1271** | **35340739** | **3401** | **663696** | **2226** | **146042** | **4295** | **819241** | **150899** | **50008757** | **80053561** | **917** |
| **2019-20 to 2023-24** | **5699** | **46630011** | **1195** | **20491308** | **4228** | **2498206** | **1935** | **100818** | **3267** | **452163** | **145197** | **79687074** | **98346415** | **753** |

## 2014-2015 മുതൽ 2023-2024 വരെയുള്ള കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യ പഠനം (ഗ്രാഫ് രൂപം)



## കഴിഞ്ഞ പത്ത് വർഷത്തെ നിയമന ശിപാർശകളുടെ ഗ്രാഫ് രൂപം

## (2014-2015 മുതൽ 2023-2024 )




# അധ്യായം - 29

# കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന ജീവനക്കാർക്കുള്ള ശാക്തീകരണ പരിപാടികൾ

സാങ്കേതികവിദ്യകളുടെ പുരോഗതിയും വർദ്ധിച്ചുവരുന്ന ആവശ്യങ്ങളും അനുസരിച്ച് തൊഴിലിടങ്ങളെ സജ്ജമാക്കുന്നതിന് അറിവും വൈദഗ് ധ്യവുമുള്ള പ്രൊഫഷണലുകളെ ആവശ്യമാണ്. ലഭ്യമായ ജീവനക്കാരെ അറിവും നൈപുണ്യവുമുള്ള പ്രൊഫഷണലുകളാക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗം അവരെ ശാക്തീകരിക്കലാണ് ജീവനക്കാർക്ക് സ്ഥിരമായി പ്രസക്തമായ വിഷയങ്ങളിൽ ശാക്തീകരണം നൽകുന്നത് ജോലിസ്ഥലത്തെ പ്രകടനവും കാര്യക്ഷമതയും മെച്ചപ്പെടുത്താൻ സഹായിക്കും. ഇതുവഴി അവർ

മികച്ച ജീവനക്കാരാകുക മാത്രമല്ല, സ്ഥാപനത്തിലെ കൂടുതൽ ഉൽപാദനക്ഷമതയുള്ള അംഗങ്ങളായി മാറുകയുംചെയ്യും. ഇത് അവരുടെ മനോവീര്യവും ആത്മവിശ്വാസവും ഉയർത്തുന്നു. .

2023-24 വർഷത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജീവനക്കാർക്കായി നൽകിയ വിവിധ ശാക്തീകരണ പരിപാടികൾ ചുവടെ.

| ക്രമ നം | തീയതി | ശാക്തീകരണപരിപാടി യുടെ പേര് | പങ്കെടുത്തവരുടെ എണ്ണം | സ്ഥലം | നടത്തിപ്പ് | ട്രെയിനിംഗ് ദിനങ്ങൾ (Mandays) | ചെലവ് |
|---|---|---|---|---|---|---|---|
| **ഏപ്രിൽ 2023** | | | | | | | |
| 1 | 04/04/23 | ATTENDANCE SOFTWARE | 90 | IT Training Hall | R&A | 90 | 2600 |
| 2 | 27.04.23 | E RESULT PRO | 39 | IT Training Hall | R&A | 39 | 9197 |
| **മേയ് 2023** | | | | | | | |
| 1 | 16.05.23 | LEGAL RETAINERS CLASS | 75 | ONLINE EXAM HALL | R&A | 75 | 1700 |
| 2 | 24.05.23 | SWEEPERS/PTS | 23 | EXAM HALL | KITTS | 23 | 26080 |
| **ജൂൺ 2023** | | | | | | | |
| 1 | 02/06/23 | ROTATION TRAINING | 25 | OLD CONFERENCE HALL | R&A | 25 | 5560 |
| 2 | 08.06.23 & 09.06.23 | INDUCTION TRAINING FOR NEWLY JOINED ASSISTANTS | 29 | IT Training Hall | R&A | 58 | 15240 |
| 3 | 20.06.23 | TSS TRAINING | 18 | IT Training Hall | R&A | 18 | 5760 |
| 4 | 21.06.23 | TSS TRAINING | 18 | IT Training Hall | R&A | 18 | 5760 |
| 5 | 22.06.23 | E RESULT PRO | 26 | IT Training Hall | R&A | 26 | 8988 |
| **ജൂലൈ 2023** | | | | | | | |
| 1 | 19.07.23 | COMPUTER ASSISTANTS | 28 | IT Training Hall | R&A | 28 | 69548 |
| 2 | 20.07.23 | COMPUTER ASSISTANTS | 29 | IT Training Hall | R&A | 29 | |
| 3 | 25.07.23 | COMPUTER ASSISTANTS | 29 | IT Training Hall | R&A | 29 | |
| 4 | 26.07.23 | COMPUTER ASSISTANTS | 29 | IT Training Hall | R&A | 29 | |
| 5 | 27.07.23 | COMPUTER ASSISTANTS | 30 | IT Training Hall | R&A | 30 | |
| 6 | 31.07.23 | COMPUTER ASSISTANTS | 30 | IT Training Hall | R&A | 30 | |
| **ആഗസ്റ്റ് 2023** | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 02/08/23 | E SERVICE BOOK | 48 | IT Training Hall | R&A | 48 | 665 |
| 2 | 09.08.23 & 10.08.23 | ENQUIRY OFFICERS & OFFICE SUPERINTENDENT | 37 | IMG | IMG | 74 | 185000 |
| 3 | 17.08.23& 18.08.23 | INDUCTION TRAINING FOR NEWLY JOINED ASSISTANTS | 24 | IT Training Hall | R&A | 48 | 15700 |
| **സെപ് റ്റംബർ 2023** | | | | | | | |
| 1 | 07/09/23 | SERVICE VERIFICATION | 72 | IT Training Hall | R&A | 72 | 1545 |
| 2 | 12/09/23 | OA/CLERICAL ASSISTANT | 32 | IT Training Hall | R&A | 32 | 72409 |
| 3 | 13.09.23 | OA/CLERICAL ASSISTANT | 33 | IT Training Hall | R&A | 33 | |
| 4 | 14.09.23 | OA/CLERICAL ASSISTANT | 32 | IT Training Hall | R&A | 32 | |
| 5 | 19.09.23 | OA/CLERICAL ASSISTANT | 34 | IT Training Hall | R&A | 34 | |
| 6 | 20.09.23 | OA/CLERICAL ASSISTANT | 31 | IT Training Hall | R&A | 31 | |
| 7 | 21.09.23 | OA/CLERICAL ASSISTANT | 34 | IT Training Hall | R&A | 34 | |
| **ഒക്ടോബർ 2023** | | | | | | | |
| 1 | 05.10.23 to 07.10.23 | RESIDENTIAL TRAINING FOR NEWLY JOINED ASSISTANTS | 24 | IMG | IMG | 72 | 0 |
| 2 | 12.10.23 to 14.10.23 | RESIDENTIAL TRAINING FOR NEWLY JOINED ASSISTANTS | 26 | IMG | IMG | 78 | |
| 3 | 28.10.23 to 29.10.23 | DS,JS & AS | 26 | IMG | IMG | 52 | |
| **നവംബർ 2023** | | | | | | | |
| 1 | 08/11/23 | E-Office Training | 29 | IT Training Hall | R&A | 29 | |
| 2 | 18.11.23 & 19.11.23 | DS, JS & AS | 22 | IMG | IMG | 44 | 240000 |
| **ഡിസംബർ 2023** | | | | | | | |
| 1 | 15.12.23 & 16.12.23 | Under Secretaries (1st batch) | 29 | IMG | IMG | 58 | 325000 (for Two Batches) |
| 2 | 19.12.23 | Security Gaurds | 29 | IMG | IMG | 29 | 72500 |
| **ഫെബ്രുവരി 2024** | | | | | | | |
| 1 | 03.02.24 & | CA/PA | 41 | IMG | IMG | 82 | 205000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 04.02.24 | | | | | | |
| 2 | 23.02.24 & 24.02.24 | Under Secretaries (IInd batch) | 45 | IMG | IMG | 90 | |
| **മാർച്ച് 2024** | | | | | | | |
| 1 | 03.03.24 to 06.03.24 | Workshop on Vigilance Administration | 1 | NAHRD | NAHRD | 3 | 81420 |
| 2 | 24.03.24 | Gardener/PTS/FDS | 44 | IMG | IMG | 44 | 110000 |
| **ആകെ** | | | **1211** | | | **1566** | **1827172** |




**കേരള പി.എസ് സിയിലെ ഗാർഡനർ, ഫുൾടൈം/പാർട്ട്ടൈം സ്വീപ്പർമാർക്കായി ഐ.എം.ജിയിൽ വച്ച് നടത്തിയ ഏകദിന പരിശീലന പരിപാടിയിൽ പങ്കെടുത്തവർ**




**കേരള പി.എസ് സിയിലെ ഉന്നത ഉദ്യോഗസ്ഥർക്കായി ഐ.എം.ജിയിൽ വച്ച് 2023 ഒക്ടോബർ 28,29 തീയതികളിൽ നടത്തിയ റസിഡൻഷ്യൽ ട്രയിനിംഗിൽ പങ്കെടുത്തവർ**




**കേരള പി.എസ് സിയിലെ അണ്ടർ സെക്രട്ടറിതല ഉദ്യോഗസ്ഥർക്കായി ഐ.എം.ജിയിൽ വച്ച് 2023 ഡിസംബർ 15, 16 തീയതികളിൽ നടത്തിയ റസിഡൻഷ്യൽ ട്രയിനിംഗിൽ പങ്കെടുത്തവർ**




## അധ്യായം – 30

## സന്ദർശനങ്ങൾ

പുതിയ ആശയങ്ങൾ നേടുന്നതും അത് വിജയകരമായി നടപ്പിലാക്കുന്നുവെന്നതും സമാന സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിലൂടെ മാത്രമേ അറിയാൻ കഴിയൂ. മറ്റ് പിഎസ്‌സികൾ സന്ദർശിച്ച് നമുക്ക് നേടാനും പങ്കുവയ്ക്കാനും കഴിയുന്ന അറിവുകളും അനുഭവങ്ങളും യാഥാർത്ഥ്യങ്ങളും തീർച്ചയായും നമ്മുടെ കമ്മീഷനും തിരിച്ചും ഗുണം ചെയ്യും. കൂടാതെ, നമ്മുടെ ഭരണഘടനയുടെ ഉന്നതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് കടമകൾ കുറ്റമറ്റ രീതിയിലും പരിപൂർണ്ണതയിലും നിർവഹിക്കാനുള്ള കമ്മീഷന്റെ കൂട്ടായ ശ്രമങ്ങളെയും ഇത്തരം സന്ദർശനങ്ങൾ സഹായിക്കുന്നു.

**<u>താഴെപ്പറയുന്ന ചെയർമാൻ/അംഗങ്ങൾ/ഉദ്യോഗസ്ഥർ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് 2023-24 വർഷത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ സന്ദർശിച്ചു</u>**

I) ഡോ പി കൃഷ്ണകുമാർ, തിരു.എ.വി. ബാല്യസാമിയും ഫാ. ആരോഗ്യ രാജ്, എന്നീ തമിഴ്നാട് പിഎസ്സി അംഗങ്ങൾ കേരള പിഎസ്സി പിന്തുടരുന്ന നടപടിക്രമങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി 04.04.2023 മുതൽ 05.04.2023 വരെ കേരള പിഎസ്സി സന്ദർശിച്ചു.



ii) ഡോ. രചന ഗുപ്ത, ഹിമാചൽ പ്രദേശ് പിഎസ്സി അംഗം 29.07.2023 മുതൽ 01.08.2023 വരെ KPSC റീജിയണൽ ഓഫീസ് എറണാകുളം, കേരള പിഎസ്സി ആസ്ഥാന ഓഫീസ്, തിരുവനന്തപുരം എന്നിവിടങ്ങൾ സന്ദർശിച്ചു.



iii) ആസ്സാം പിഎസ്സ്സിയിൽ നിന്നുള്ള ശ്രീ. നയൻ മണി ബറുവ, പ്രോഗ്രാമർ, ശ്രീ. സഞ്ജീവൻ ദേവനാഥ്, അസിസ്റ്റന്റ് പ്രോഗ്രാമർ, ശ്രീ. മനീഷ് സ്വർഗിയാരി, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് , ശ്രീ. രഞ്ജിത് റോബി ദാസ്, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നീ ഉദ്യോഗസ്ഥർ 19.09.2023 മുതൽ 23.09.2023 വരെ ഐടി അധിഷ്ഠിതമായ സേവനങ്ങളെക്കുറിച്ച് പഠിക്കാൻ കേരള പിഎസ്സ്സി സന്ദർശിച്ചു.

iV) മഹാരാഷ്ട്ര പിഎസ്സ്സിയിലെ ശ്രീ. മാരുതി പാണ്ഡുരാംഗ് ജാദവ്, ഡെപ്യൂട്ടി സെക്രട്ടറി, ശ്രീ. അഭിജിത് ഗണപതിറാവു ലെൻഡ്വെ, അണ്ടർ സെക്രട്ടറി, ശ്രീ. നിലേഷ് ബാലാസാഹേബ് ഗവാലി, സെക്ഷൻ ഓഫീസർ, ശ്രീ. കപിൽ ജഗദേവ്റാവു നർവാഡെ,അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ എന്നിവർ 11.10.2023 മുതൽ 13.10.2023 വരെ കേരള പിഎസ്സ്സിയുടെ ഘടന, റൂൾസ് ഓഫ് പ്രൊസീജ്യർ, ജില്ലാ ഓഫീസുകൾ (ഈ ഓഫീസുകളിൽ നിക്ഷിപ്തമായ ജോലികൾ, വിന്യസിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ, അവരുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ) , കേസുകളുടെ നടത്തിപ്പ്, അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കായി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനായി പി.എസ്സ്. സി സന്ദർശിച്ചു.

v) ഡോ. ദേവനാഥ് ഷിൻഡെ, ഡോ. സതീഷ് ദേശ്പാണ്ഡെ, ഡോ. ദിലീപ് പദർപട്ടെ, എന്നീ മഹാരാഷ്ട്ര പിഎസ്സ്സി അംഗങ്ങൾ കേരള പിഎസ്സ്സി പിന്തുടരുന്ന നടപടിക്രമങ്ങൾ മനസ്സിലാക്കുന്നതിനായു 22.01.2024 മുതൽ 25.01.2024 വരെ കേരള പിഎസ്സ്സി സന്ദർശിച്ചു.

## കേരള പബ്ലിക് സർവീസ് കമ്മീഷൻ ബഹു.ചെയർമാനും അംഗങ്ങളും മറ്റു പി.എസ് സികളിൽ നടത്തിയ സന്ദർശനങ്ങൾ

i) ബഹു. കേരള പിഎസ്സ്സി ചെയർമാൻ, ഡോ.എം.ആർ.ബൈജു, 22.04.2023, 23.04.2023 തീയതികളിൽ ഉത്തർപ്രദേശിലെ ലക്നൗവിൽ നടന്ന സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകളുടെ അധ്യക്ഷന്മാരുടെ ഇരുപത്തിനാലാമത് ദേശീയ സമ്മേളനത്തിൽ പങ്കെടുത്തു. സംസ്ഥാന പിഎസ്സ്സികളിൽ നടപ്പിലാക്കിയിട്ടുള്ള മികച്ച പ്രവർത്തനങ്ങളെയും

വിവിധ നൂതന റിക്രൂട്ട്മെൻ്റ് രീതികളെയും കുറിച്ചുള്ള അനുഭവങ്ങൾ വിവിധ ചെയർപേഴ്സൺമാർ ഈ സമ്മേളനത്തിൽ പങ്കുവെച്ചു

ii) ഡോ.സി.കെ ഷാജിബ്, അഡ്വ. സി. ജയചന്ദ്രൻ, ശ്രീ. പ്രകാശൻ കെ, ഡോ. ജിപ്സൺ വി പോൾ, എന്നീ ബഹു. കേരള പിഎസ്‌സി അംഗങ്ങൾ 24.05.2023 മുതൽ 26.05.2023 വരെ ആന്ധ്രാപ്രദേശ് പിഎസ്‌സി സന്ദർശിക്കുകയും APPSC ൽ വിവിധ റിക്രൂട്ട്മെന്റ് നിയമങ്ങൾ, സർവീസ് നിയമങ്ങൾ, റിക്രൂട്ട്മെന്റ് രീതി, ഒഴിവ് റിപ്പോർട്ടിംഗ്, റിസർവേഷൻ നടപടിക്രമങ്ങൾ തുടങ്ങിയവ രൂപപ്പെടുത്തുന്ന രീതികളെക്കുറിച്ച് പഠിക്കുകയും ചെയ്തു.



iii) ഡോ.കെ.പി സജിലാൽ, ഡോ.ശ്രീകുമാർ എസ്, ശ്രീ. വിജയകുമാരൻ നായർ.എസ്, എന്നീ ബഹു. കേരള പിഎസ്‌സി അംഗങ്ങൾ 31.05.2023 മുതൽ 02.06.2023 വരെ ഹിമാചൽ പ്രദേശ് പിഎസ്‌സി സന്ദർശിച്ച് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. ഹിമാചൽ പ്രദേശ് പിഎസ്‌സി യിൽ എസ്‌സി, എസ് ടി, ഒബിസി എന്നീ മൂന്ന് ഗ്രൂപ്പുകൾക്ക് മാത്രം ബാധകമായ വെർട്ടിക്കൽ റിസർവേഷൻ (vertical Reservation component)നൽകുന്നുണ്ടെന്ന് മനസ്സിലാക്കാൻ ബഹു. അംഗങ്ങൾക്ക് കഴിഞ്ഞു.കൂടാതെ

ഹിമാചൽ പ്രദേശ് പിഎസ്‌സിയിൽ വിമുക്തഭടന്മാർക്ക് 15% എന്ന തോതിൽ തിരശ്ചീന സംവരണം (horizontal reservation provision) ലഭ്യമാണെന്ന് അവർ നിരീക്ഷിച്ചു. കേരളത്തിൽ നിന്ന് വ്യത്യസ്തമായി, ഹിമാചൽ പ്രദേശ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ഹിമാചൽ പ്രദേശ് പോലീസ് റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങി ഒന്നിലധികം റിക്രൂട്ട്മെന്റ് ബോഡികൾ ഹിമാചൽ പ്രദേശിൽ നിലവിലുള്ളതായും ബഹു. അംഗങ്ങൾ മനസിലാക്കാൻ കഴിഞ്ഞു.



iv) ശ്രീ റോഷൻ റോയ് മാത്യു, ഡോ. ശ്രീകുമാർ എസ്, ഡോ. മിനി സഖറിയാസ് എന്നീ ബഹു. കേരള പിഎസ്‌സി അംഗങ്ങൾ 07.06.2023 മുതൽ 09.06.2023 വരെ കർണാടക പിഎസ്‌സി സന്ദർശിക്കുകയും വിവിധ വിഷയങ്ങൾ പഠിക്കുകയും ചെയ്തു. കർണാടക പിഎസ്‌സി അവരോട് ആവശ്യപ്പെടുന്ന തസ്തികകളിലേക്ക് മാത്രമേ റിക്രൂട്ട്മെൻ്റ് നടത്തുന്നുള്ളൂവെന്നും വിജ്ഞാപനം ചെയ്ത ഒഴിവുകളിൽ മാത്രമാണ് റിക്രൂട്ട്മെൻ്റ് നടത്തുന്നതെന്നും സംഘം നിരീക്ഷിച്ചു. കർണാടകയിൽ ഡിപ്പാർട്ട്മെന്റ് തലത്തിലും നിരവധി റിക്രൂട്ട്മെന്റ് ബോഡികളുള്ളതായും അവർ മനസിലാക്കി.




v) ശ്രീ. ടി,ആർ അനിൽകുമാർ, ശ്രീ.അബ്ദുൾ സമദ് വി.ടി.കെ., ശ്രീമതി. രമ്യ വി. ആർ എന്നീ ബഹു. കമ്മീഷൻ അംഗങ്ങൾ 14.06.2023 മുതൽ 16.06.2023 വരെ രാജസ്ഥാൻ പിഎസ്സി സന്ദർശിക്കുകയും ആർപിഎസ്സിയുടെ ഓർഗനൈസേഷൻ, ഓപ്പറേഷൻ, പ്രോട്ടോക്കോളുകൾ എന്നിവയെക്കുറിച്ച് വിശദമായ മനസ്സിലാക്കുകയും ചെയ്തു.. ആർപിഎസ്സിയിൽ അഭിമുഖത്തിലൂടെ നേരിട്ടുള്ള റിക്രൂട്ട്മെൻ്റ് നടത്തുമ്പോൾ, ലക്ചറർ പോസ്റ്റുകൾ, ആയുർവേദ മെഡിക്കൽ സർവീസ്, ഇന്ത്യൻ മെഡിക്കൽ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിലേയ്ക്കുള്ള നിയമങ്ങളിൽ 10 സ്ക്രീനിംഗ് ടെസ്റ്റും പ്ലാനിംഗ് (എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്) ഡിപ്പാർട്ട്മെന്റിലെ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികയിലേക്ക് ഒരു സ്ക്രീനിംഗ് ടെസ്റ്റും ഉൾപ്പെടുന്നുവെന്ന് അവർ നിരീക്ഷിച്ചു. കൂടാതെ സ്ത്രീകൾക്ക് 30% തിരശ്ചീന സംവരണം(horizontal reservation) നൽകുന്നതായുംഅവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.




vi) ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ വച്ച് 18.1.2023-ന് ഇന്റർവ്യൂ ടെക്‌നിക്കിനെക്കുറിച്ച് യുപിപിഎസ്‌സി നടത്തിയ ദേശീയ ശിൽപശാലയിൽ കേരള പിഎസ്‌സിയെ പ്രതിനിധീകരിച്ച് ബഹു. അംഗമായ ശ്രീ എസ്.എ.സെയ്ഫ് പങ്കെടുത്തു. 20 സംസ്ഥാന പിഎസ്‌സി പ്രതിനിധികൾ ദേശീയ ശിൽപശാലയിൽ പങ്കെടുത്തു. കേരള പിഎസ്‌സി പിന്തുടരുന്ന ഇന്റർവ്യൂ ടെക്നിക്കുകളെ കുറിച്ച് ബഹു. അംഗം പ്രതിനിധികൾക്ക് മുമ്പാകെ ഒരു അവതരണം നടത്തുകയുണ്ടായി.

# അധ്യായം - 31

# സംഭവങ്ങൾ

2023 ഏപ്രിൽ 22,23 തീയതികളികളിൽ ലഖ്നൗയിൽ വച്ച് നടന്ന സംസ്ഥാന പി.എസ്.സി ചെയർമാൻമാരുടെ ദേശീയ സെമിനാറിൽ കേരള പി. എസ്.സി ചെയർമാൻ ഡോ. എം. ആർ.ബൈജു പങ്കെടുത്ത് സംസാരിക്കുന്നു.



കേരള പി. എസ്.സിയുടെ കൊല്ലം ജില്ലാ/മേഖലാ ഓഫീസുകൾക്കായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം 13.07.2023 ൽ ബഹു. മൃഗസംരക്ഷണ വകുപ്പ മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി, ബഹു. എം എൽ. എ. ശ്രീ. എം മുകേഷ്. ബഹു.കൊല്ലം മേയർ ശ്രീമതി പ്രസന്ന ഏണസ്റ്റ് . കേരള പി. എസ്. സി ചെയർമാൻ ഡോ. എം. ആർ.ബൈജു എന്നിവരുടെ സാന്നിധ്യത്തിൽ ബഹ .ധനകാര്യവകുപ്പ് മന്ത്രി ശ്രീ.കെ. എൻ ബാലഗോപാൽ നിർവഹിക്കുന്നു.



ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന പി.എസ്.സി ഓൺലൈൻ പരീക്ഷാ സെന്ററിന്റെ ശിലാസ്ഥാപന കർമ്മം ബഹു.കേരള പൊതുമരാമത്ത് വകുപ്പമന്ത്രി ശ്രീ.പി. എ. മുഹമ്മദ് റിയാസ് ബഹു ആലപ്പുഴ എം.എൽ. എ. ശ്രീ, എ. എം. ആരിഫ്, പിഎസ്.സി ചെയർമാൻ ഡോ. എം. ആർ.ബൈജു പി. എസ്.സി. സെക്രട്ടറി. ശ്രീ.സാജു ജോർജ്ജ്. എന്നിവരുടെ സാന്നിധ്യത്തിൽ നിർവഹിക്കുന്നു.



# അധ്യായം - 32

# നന്ദി

റിപ്പോർട്ട് കാലയളവിലുടനീളം കമ്മീഷനും സർക്കാരുമായി ഹൃദ്യമായ ബന്ധമാണു ണ്ടായിരുന്നത്. ഉദ്യോഗാർഥികൾക്കുള്ള അഭിമുഖങ്ങളിൽ കമ്മീഷനെ സഹായിക്കാനെത്തിയ സർക്കാർ വകുപ്പുമേധാവികളിൽനിന്നും വിദഗ് ധരിൽ നിന്നും നിർലോപമായ സഹകരണം ലഭ്യമായിട്ടുണ്ട്. വിവിധ പരീക്ഷകളും പ്രായോഗിക പരീക്ഷകളും നടത്തുന്നതിന് പരീക്ഷകരിൽനിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വേണ്ടത്ര സഹകരണം കമ്മീഷന് ലഭ്യമായിട്ടുണ്ട്. എല്ലാ സഹായസഹകരണങ്ങൾക്കും കമ്മീഷൻ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു

വ്യവഹാരകാര്യങ്ങളിൽ കമ്മീഷന് നിയമോപദേശകരുടെ സേവനം നല്ലരീതിയിൽ ലഭിച്ചു വരുന്നു. കംപ്യൂട്ടർവൽക്കരണം, ഇ-ഓഫീസ്, നൂതന സാങ്കേതിക വിദ്യ എന്നിവയുമായി ബന്ധപ്പെട്ട് വിലയേറിയ ഉപദേശങ്ങൾ നൽകിയ ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങൾക്കും, IT മിഷൻ, NIC, എന്നിവർക്കും കമ്മീഷൻ നന്ദി പ്രകാശിപ്പിക്കുന്നു. വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസറും സഹപ്രവർത്തകരായ ഉദ്യോഗസ്ഥരും നൽകുന്ന സേവനങ്ങൾ അഭിനന്ദനീയമാണ്.

ഗവൺമെന്റ് പ്രസ് ജീവനക്കാർക്കും വിശിഷ്യാ ഗവൺമെന്റ് പ്രസ് ഡയറക്ടർക്കും സ്റ്റേഷനറി ഡിപ്പാർട്ട്മെന്റിനും കമ്മീഷൻ നന്ദി പ്രകാശിപ്പിക്കുന്നു. പൊതുജനസമ്പർക്ക വിഭാഗം ഡയറക്ടർക്കും, കമ്മീഷൻ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന പത്രക്കുറിപ്പുകൾ, അറിയിപ്പുകൾ എന്നിവ വർധിത പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുന്ന ദിനപത്രങ്ങൾ, ഓൾ ഇന്ത്യാ റേഡിയോ, ടെലിവിഷൻ ചാനലുകൾ എന്നിവയ്ക്കും കമ്മീഷൻ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി, ജീവനക്കാർ എന്നിവർക്ക് അവർ ചെയ്തു വരുന്ന കഠിനാധ്വാനത്തിനും, മികവുറ്റ പ്രവർത്തനത്തിനും കമ്മീഷൻ നന്ദി രേഖപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| **ചെയർമാൻ** | | **ഡോ . എം.ആർ. ബൈജു** | |
| | 1 | **ഡോ.ശ്രീകുമാർ . എസ്** | |
| | 2 | **ശ്രീ. എസ്. വിജയകുമാരൻനായർ** | |
| | 3 | **ശ്രീ. എസ്. എ.സെയ്ഫ്** | |
| | 4 | **ശ്രീ. അബ്ദുൾ സമദ് വി.റ്റി.കെ** | |
| | 5 | **ഡോ. സി.കെ.ഷാജിബ്** | |
| | 6 | **ഡോ. സ്റ്റാനി തോമസ്** | |
| | 7 | **ഡോ. മിനി സക്കറിയാസ്** | |
| | 8 | **ശ്രീമതി.രമ്യ . വി. ആർ** | |
| | 9 | **അഡ്വ. സി. ജയചന്ദ്രൻ** | |
| | 10 | **ശ്രീ.പ്രകാശൻ.കെ** | |
| | 11 | **ഡോ. ജിപ്സൺ വി.പോൾ** | |
| | 12 | **ഡോ.പ്രകാശൻ. പി,പി** | |
| | 13 | **ശ്രീ.കെ.റ്റി. ബാലഭാസ്കരൻ** | |
| | 14 | **ഡോ.പ്രിൻസി കുര്യാക്കോസ്** | |
| | 15 | **ഡോ. ജോസ്.ജി.ഡിക്രൂസ്** | |
| | 16 | **അഡ്വ.ജോഷ്. എച്ച്.** | |
| | 17 | **അഡ്വ. സി.ബി.സ്വാമിനാഥൻ** | |
| | 18 | **അഡ്വ. ബോസ് അഗസ്റ്റിൻ** | |
| **സെക്രട്ടറി** | | **ശ്രീ. സാജു ജോർജ്** | |

തിരുവനന്തപുരം.
തീയതി : 04.11.2024